നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

സെപ്തംബർ 2006

3.00 ക.

# ന്യൂനപക്ഷാവകാശങ്ങൾ എന്താണ്, എന്തിനാണ്?



*വിദ്യാഭ്യാസത്തെ ലാഭകരമായ ഒരു വ്യവസായമാക്കി മാറ്റിയവർ, തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങളുടെ സംരക്ഷണത്തിന് ന്യൂനപക്ഷാവകാശം എന്ന ഭരണഘടനാ സംരക്ഷണത്തെ കൂട്ടുപിടിക്കുകയും, അഡ്മിഷനുള്ള അർഹത മൂലധനമാക്കി മാറ്റുകയും ചെയ്തതിനെതിരെ, ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഭരണകൂടം നിയമനിർമ്മാണം കൊണ്ടുവന്നു. അതിനെതിരെ ന്യൂനപക്ഷ ധ്വംസനം ആരോപിച്ച് കച്ചവട മേലാളന്മാർ ജനത്തെ തെറ്റിദ്ധരിപ്പിച്ചുതുടങ്ങി. ഈ പശ്ചാത്തലത്തിൽ ജനനീതി, 2006 ആഗസ്റ്റ് 10ന് തൃശൂർ സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ന്യൂനപക്ഷ സമുദായങ്ങളിലെ പണ്ഡിതരും, നിഷ്പക്ഷമതികളും സാമൂഹ്യനീതിയെക്കുറിച്ച് അതീവ ജാഗ്രതയുള്ളവരുമായവരുടെ ഉറച്ച നിലപാടുകൾ ജനനീതിയുടെ ഈ ലക്കത്തിൽ വായിക്കുക. (പേജ് 5)*

113

# ബുഷ് മീശപിരിക്കുന്നു!

അമേരിക്കയിലെ രണ്ടു സ്വകാര്യ കമ്പനികളായ കൊക്കകോളക്കും പെപ്സിക്കോളക്കുമെതിരെ കേരളം നടപടിയെടുത്തപ്പോഴേക്കും ബുഷിന്റെ ഗവർമ്മേണ്ട് ഇന്ത്യക്കെതിരെ ഈറ്റപ്പുലിയെപ്പോലെ ചാടിവീണിരിക്കുന്നു. അമേരിക്കൻ മൂലധനത്തെ ആകർഷിക്കാമെന്ന മോഹമൊക്കെ കുപ്പയിലിടേണ്ടിവരുമെന്നാണ് അമേരിക്കൻ വ്യാപാരകാര്യ അണ്ടർ സെക്രട്ടറിയായ ഫ്രാങ്ക്ലാവിൻ ഇന്ത്യക്ക് താക്കീത് നൽകിയിരിക്കുന്നത്.

കോളകളുടെ നിർമ്മാണവും വില്പനയും കേരളമാണ് നിരോധിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റ് അഞ്ചു സംസ്ഥാനങ്ങളിൽ ഭാഗികമായ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

കോള ഉല്പന്നങ്ങളിൽ അനുവദനീയമായതിലുമെത്രയോ അധികം വിഷദ്രവ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് ദൽഹിയിലെ "സെന്റർ ഫോർ സയൻസ് ആന്റ് എൻവയർമെന്റ്" ആഗസ്റ്റ് ആദ്യത്തിൽ വെളിപ്പെടുത്തിയിരുന്നു. എന്നാൽ കോള കമ്പനികൾ ഇത് നിഷേധിക്കുന്നു. കേന്ദ്ര ഗവർമ്മേണ്ടാകട്ടെ, " ഞാൻ ഈ നാട്ടുകാരനല്ല" എന്ന മട്ടിൽ ഒഴിഞ്ഞുമാറിനിൽക്കുകയാണ്. ഇന്ത്യാഗവർമ്മേണ്ടിനെ പേടിപ്പിക്കാനാണ് അമേരിക്കൻ ഗവർമ്മേണ്ട് പിപ്പിടി കാണിക്കുന്നത്.

കോളകൾക്കുവേണ്ടി ബുഷിന്റെ ഗവർമ്മേണ്ട് കുരച്ചുചാടുന്നതിൽ അത്ഭുതപ്പെടാനില്ല. സ്വതവേ തന്നെ അമേരിക്കൻ ഗവർമ്മേണ്ടെന്നു പറയുന്നത് മുതലാളിമാരുടെ ഗവർമ്മേണ്ടാണ്. അമേരിക്കയിൽ ഏതു കൊലകൊമ്പൻ അധികാരത്തിൽ വന്നാലും ശരി, മുതലാളിമാർ വരച്ച വരയിൽ നിൽക്കേണ്ടിവരും. അപ്പോൾ മുതലാളിമാരുടെ ഭൃത്യൻ മാത്രമായ ബുഷിൽ നിന്ന് നമുക്ക് മറ്റൊന്നും പ്രതീക്ഷിക്കാനാവില്ല.

പത്തുകൊല്ലം മുമ്പ് മഹാരാഷ്ട്രത്തിലെ ധാബോലിൽ ഒരു അമേരിക്കൻ കമ്പനി ഒരു വൈദ്യുതോല്പാദന കേന്ദ്രം സ്ഥാപിക്കുകയും അതൊടുവിൽ എടുക്കാചരക്കായി മാറുകയും ചെയ്തത് ആരും മറന്നിട്ടില്ല. ധാബോൽ കമ്പനി പറയുന്നതെല്ലാം അനുസരിച്ചില്ലെങ്കിൽ "ഭവിഷ്യത്ത്" അനുഭവിക്കേണ്ടിവരുമെന്ന് അന്നും അമേരിക്ക താക്കീത് നൽകിയിരുന്നു. ധാബോൽ കമ്പനി പിന്നീട് അടിയോടെ പൊളിഞ്ഞുപോയെന്നത് വേറൊരുകാര്യം.

അമേരിക്കൻ ഗവർമ്മേണ്ട് നിലനിൽക്കുന്നതു തന്നെ അമേരിക്കൻ മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കാനാണ്. അതിനാൽ ബുഷിന്റെ ഭീഷണിപ്പെടുത്തലിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഇതിൽ അത്ഭുതകരമായിട്ടുള്ളത് ഇന്ത്യാഗവർമ്മേണ്ടിന്റെ നട്ടെല്ലില്ലായ്മയാണ്. ഇന്ത്യയിൽ എന്തു ചെയ്യണം, എന്തുചെയ്യാൻ പാടില്ല എന്നൊക്കെ തീരുമാനിക്കുന്നത് അമേരിക്കൻ പ്രസിഡണ്ടാണെന്ന സ്ഥിതി വരെ സംജാതമായിരിക്കുന്നു.

കോളകൾ വിഷപാനീയങ്ങളാണെന്ന് ദൽഹിയിലെ ശാസ്ത്ര-പരിസ്ഥിതി കേന്ദ്രം മൂന്നുകൊല്ലം മുമ്പുതന്നെ സ്ഥാപിച്ചിരുന്നതാണ്. ഗവർമ്മേണ്ടന്റ് നിയമിച്ച പാർലിമെന്ററി കമ്മറ്റിയും അതു ശരിവച്ചു. എന്നാൽ ഗവർമ്മേണ്ട് ഇപ്പോഴും അത് ശരിയാണോ അല്ലയോ എന്നുപറയാതെ ഒളിച്ചുകളിക്കുകയാണ്. മൻമോഹൻ സിങ്ങിനെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ ജനങ്ങളുടെ ആരോഗ്യത്തേക്കാൾ പ്രധാനം അമേരിക്കൻ കമ്പനികളുടെ കൊള്ളലാഭമാണ്. ❑

ജനനീതി

സെപ്തംബർ 2006
113

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# നർമ്മദപ്രശ്നത്തിൽ കേന്ദ്രഗവർമ്മേണ്ട് കൂട്ടുപ്രതി

നർമ്മദ നദിയിലെ സർദാർ സരോവർ പദ്ധതിമൂലം സർവ്വസ്വവും നഷ്ടപ്പെടുന്ന ആയിരക്കണക്കിന്നുവരുന്ന പാവങ്ങൾക്ക് കേന്ദ്രഗവർമ്മേണ്ടിൽനിന്നും നീതിലഭിക്കുകയില്ലെന്ന് ഉറപ്പായിരിക്കുന്നു ഇനി അവശേഷിക്കുന്ന ഒരേയൊരു ആശാകിരണം സുപ്രീംകോടതിമാത്രമാണ്.

പ്രശ്നം വളരെ ലളിതമായിട്ടും അതൊന്നും കണ്ടില്ലെന്നു നടിക്കുകയും ജനദ്രോഹകരമായ പരിപാടികൾക്ക് കുട്ടുനിൽക്കുകയും ചെയ്യുന്ന കേന്ദ്ര ഗവർമ്മേണ്ടിന്റെ നടപടി അമ്പരപ്പുളവാക്കുന്ന ഒന്നാണ്. ഇതോടുകൂടി ഈ പ്രശ്നത്തിൽ കേന്ദ്രഗവർമ്മേണ്ടും കൂട്ടുപ്രതിയായിരിക്കുന്നു.

നർമ്മദ ട്രിബ്യൂണലിന്റെ അവാർഡിൽ തന്നെ അണക്കെട്ടുനിർമ്മാണംമൂലം വീടും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കേണ്ടതിന്നുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. പിന്നീട് സുപ്രീം കോടതി അത് കൂടുതൽ കർക്കശവും വ്യവസ്ഥകൾ ഉദാരവുമാക്കി. കൃഷിഭൂമി നഷ്ടപ്പെടുന്നവർക്ക് കൃഷിഭൂമി തന്നെ നൽകണമെന്നതാണ് ഒരു വ്യവസ്ഥ. പുല്ലുപോലും മുളക്കാത്ത പാറക്കെട്ടുകളോ തരിശുഭൂമിയോ പകരം നൽകിയാൽ പോരെന്നർത്ഥം. വീടും ഭൂമിയും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിച്ച് ആറുമാസം കഴിഞ്ഞേ അണക്കെട്ടിന്റെ ഉയരം കൂട്ടാവൂ എന്നതാണ് മറ്റൊരു വ്യവസ്ഥ. സുപ്രീം കോടതി അടിവരയിട്ടുറപ്പിച്ച ഇത്തരം വ്യവസ്ഥകളെല്ലാം ലംഘിച്ചുകൊണ്ടാണ് അണക്കെട്ടിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്.

വീടും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുന്നവർക്കുവേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന നർമ്മദ ബചാവോ ആന്ദോളൻ ഈ നിയമധ്വംസനങ്ങൾ ചൂണ്ടിക്കാട്ടി കോടതിയെ സമീപിക്കുമ്പോഴെല്ലാം കോടതിയിൽ കള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കി കോടതിയെ തെറ്റിധരിപ്പിക്കുന്നത് ഗവർമ്മേണ്ട് ഒരു പതിവാക്കിയിരുന്നു. തെറ്റിധരിപ്പിക്കപ്പെടാൻ പാകത്തിന്ന് കോടതി പലപ്പോഴും നിന്നുകൊടുക്കാറുണ്ടെന്നതും ഒരു വസ്തുതയാണ്. അങ്ങനെ ഗതികെട്ടാണ് മേധാപാട്കറടക്കമുള്ള ആന്ദോളൻ നേതാക്കൾ മൂന്നുമാസം മുമ്പ് ഉപവാസം നടത്തിയത്. ഒടുവിൽ ആന്ദോളന്റെ ആരോപണങ്ങൾ പരിശോധിക്കാനായി കേന്ദ്രഗവർമ്മേണ്ട് ഒരു മന്ത്രിതല കമ്മിറ്റിയെ നിയോഗിക്കാൻ നിർബന്ധിതമായി. ആന്ദോളന്റെ ആരോപണങ്ങളെ ഏറെക്കുറെ ശരിവക്കുന്ന ഒരു റിപ്പോർട്ടാണ് മന്ത്രിതല കമ്മിറ്റി ഗവർമ്മേണ്ടിന് സമർപ്പിച്ചത്. പ്രശ്നം അവിടംകൊണ്ട് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ സംഭവിച്ചത് അതല്ല.

ഒരു ജനാധിപത്യ സംവിധാനത്തിൽ മന്ത്രിമാരടങ്ങിയ ഒരു കമ്മറ്റിയുടെ അന്വേഷണറിപ്പോർട്ട് അവസാനവാക്കാകേണ്ടതാണ്. എന്നാൽ മൻമോഹൻസിങ്ങിന്റെ ഗവർമ്മേണ്ടിന് അത്തരം ജനാധിപത്യപരമായ മര്യാദകളിലൊന്നും വിശ്വാസമില്ല. മന്ത്രിതല കമ്മിറ്റിയുടെ റിപ്പോർട്ട് സ്വീകരിക്കുന്നതിനുപകരം അദ്ദേഹം ഒരു "മേലന്വേഷണകമ്മിറ്റി"യെ നിയോഗിച്ചു. ഇത്തരം ഒരു മേലന്വേഷണം നടത്താൻ യോഗ്യതയുള്ളവരാരും ഈ കമ്മിറ്റിയിലില്ലെന്നത് അന്നു തന്നെ നിരീക്ഷകരെ അത്ഭുതപ്പെടുത്തിയിരുന്നു. കമ്മറ്റിയുടെ പ്രവർത്തനമാകട്ടെ, ആ സംശയത്തെ ദ്വിഗുണീഭവിപ്പിക്കുകയും ചെയ്തു. ഒടുവിൽ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ട് പുറത്തുവന്നപ്പോൾ എല്ലാ സംശയങ്ങളും തീരുകയും ചെയ്തു. ആന്ദോളൻ അക്കമിട്ടു നിരത്തിയ വസ്തുതകളുടെ നേരെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെയും മന്ത്രിതല കമ്മറ്റിയുടെ റിപ്പോർട്ടിലെ വസ്തുതകളെ പാടെ അവഗണിച്ചുകൊണ്ടും മധ്യപ്രദേശ് ഗവർമ്മേണ്ടിന്റെ കെട്ടുകഥകളെ ന്യായീകരിച്ചുകൊണ്ടുമുള്ള ഒരു റിപ്പോർട്ടാണ് മേലന്വേഷണ കമ്മറ്റി സമർപ്പിച്ചത്. പ്രധാനമന്ത്രി മൻമോഹൻസിങ് അത് കയ്യോടെ സ്വീകരിക്കുകയും അണകെട്ടിന്റെ നിർമ്മാണം തുടരാൻ അനുമതി നൽകുകയും ചെയ്തു. ഇത്രകാലവും പുറമേക്കെങ്കിലും നിഷ്പക്ഷത നടിച്ചിരുന്ന കേന്ദ്ര ഗവർമ്മേണ്ട് ഇതോടെ ഈ കേസിൽ കൂട്ടുപ്രതിയായി തീർന്നു.

ഭൂമി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരമായി പണം നൽകുന്നത് സ്വീകാര്യമാണെന്ന മേലന്വേഷണകമ്മറ്റിയുടെ റിപ്പോർട്ട് അവരുടെ അധികാരപരിധിയിൽ കവിഞ്ഞ ഒന്നാണ്. ഇക്കാര്യം അന്വേഷിക്കാൻ കമ്മറ്റിയെ ആരും ചുമതലപ്പെടുത്തിയിട്ടില്ല. നർമ്മദ അവാർഡ് പ്രകാരം പുനരധിവാസം നടന്നിട്ടുണ്ടോ എന്നന്വേഷിക്കാൻ മാത്രമാണ് കമ്മറ്റിയോട് ആവശ്യപ്പെട്ടിരുന്നത്. ഭൂമിക്കുപകരം ഭൂമി നൽകണമെന്നത് അവാർഡിലെ വ്യവസ്ഥയാണ്; സുപ്രീംകോടതി ശരിവച്ച വ്യവസ്ഥയുമാണ്. അതിന്നുപകരം എന്തുചെയ്യുന്നതും അവാർഡിന്റെ ലംഘനവുമാണ്.

പണം നഷ്ടപരിഹാരമായി നൽകുന്നതുപോലെ അത്രയും ജനദ്രോഹകരമായി ഒന്നും തന്നെയില്ല. നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ കയ്യിൽ കിട്ടണമെങ്കിൽ 20,000 ക. ഉദ്യോഗസ്ഥൻമാർക്ക് കൈക്കോഴ നൽകേണ്ടി വരുന്നുണ്ട്. പണം നഷ്ടപരിഹാരമായി നൽകാൻ തീരുമാനിച്ചതുതന്നെ ഈ കൈക്കോഴ വസൂലാക്കാനാണ്. ഭൂമിക്കുപകരം പണം നഷ്ടപരിഹാരമായി കിട്ടുമ്പോൾ അത് മുഴുവനുമല്ലെങ്കിൽ വലിയൊരുഭാഗമെങ്കിലും കള്ളുഷാപ്പുകളിൽ ചെന്നവസാനിക്കുന്നുവെന്നതാണ് മറ്റൊരുവശം. ഈ വക കാര്യങ്ങൾ മുൻ നിർത്തിയാണ് ഭൂമിക്കുപകരം ഭൂമിതന്നെ നൽകണമെന്ന് നർമ്മദാ

കവർസ്റ്റോറി

# ന്യൂനപക്ഷാവകാശങ്ങൾ എന്താണ്, എന്തിനാണ്?

**ബിഷപ്പ് ഡോ. യുഹാനോൻ മാർ മിലിത്തിയോസ്**

*(മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തൃശൂർ ഭദ്രാസന അധിപൻ)*



സ്ഫോടനാത്മകമായ അന്തരീക്ഷത്തിലാണീ ചർച്ച നടക്കുന്നത്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് ഗവൺമെന്റ് ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നതാണ് സാഹചര്യം. ഞാനുൾപ്പെടുന്ന മലങ്കര ഓർത്തഡോക്സ് സഭ ഇതിന്റെ പേരിൽ ഒരു വിമോചന സമരത്തിനില്ല എന്നതാണ് ഞങ്ങളുടെ സഭാതീരുമാനം. എന്താണ് ന്യൂനപക്ഷാവകാശങ്ങൾകൊണ്ട് ഭരണഘടനാ ശില്പികൾ ഉദ്ദേശിച്ചത്? അവയിലേതെങ്കിലും മൂല്യത്തിന്റെ പേരിലാണോ ഇന്നത്തെ കോലാഹലങ്ങൾ? ലക്ഷങ്ങൾ കോഴവാങ്ങി വിദ്യാഭ്യാസം കൊടുക്കുന്ന സ്ഥാപനങ്ങളിൽ ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിനും സാമാന്യ നീതി നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. മൂലധനത്തേയും ലാഭത്തേയും ലക്ഷ്യംവച്ചുള്ള ഈ പുതിയ സംസ്ക്കാരത്തിന്മേൽ ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്തുന്നത് ഒരിക്കലും ന്യൂനപക്ഷ പീഡനമല്ല; മറിച്ച് ജനാധിപത്യത്തിൽ ഭരണകൂടത്തിന്റെ ധർമ്മമാണ്. 'കാശുള്ളവന് കഴിവില്ലെങ്കിലും പഠിക്കാം; കഴിവുള്ളവൻ കാശില്ലെങ്കിൽ പഠിക്കണ്ട' - എന്ന യുക്തിയിൽ ക്രൈസ്തവ പഠനങ്ങളുടെയും പാരമ്പര്യങ്ങളുടെയും നിഷേധവും ലംഘനവും അടങ്ങിയിരിക്കുന്നു. സർക്കാർ കൊണ്ടുവന്ന റാങ്ക് ലിസ്റ്റിന്റെ പ്രസക്തി ഇതിലടങ്ങിയിരിക്കുന്നു.

വിദ്യാഭ്യാസ ബില്ലിനെ എതിർക്കുന്നവർ ഭരണഘടന ഉറപ്പുനല്കുന്ന ന്യൂനപക്ഷാവകാശങ്ങളെയാണ് എതിർക്കുന്നത് എന്നോർക്കുക. ⇨

---

## *നർമ്മദപ്രശ്നത്തിൽ.................*

അവാർഡിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. നർമ്മദ അവാർഡിന്റെ ഒരു മഹത്വം തന്നെ അതാണ്. ഏതെങ്കിലും പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കുന്നവരെ അടുത്തുള്ള ഏതെങ്കിലും തരിശുഭൂമിയിൽ രണ്ടോ നാലോ സെന്റ് ഭൂമി വീതം നൽകി "പുനരധിവസിപ്പിക്കുന്ന" ഏർപ്പാടാണ് പണ്ടുണ്ടായിരുന്നത്. ഇതിൽനിന്നുള്ള മഹത്തായ ഒരു വ്യതിചലനമായിരുന്നു നർമ്മദ അവാർഡ്. ഒരേക്കർ ഭൂമി നഷ്ടപ്പെടുന്ന വീട്ടികാർക്ക് മറ്റെവിടെയെങ്കിലും കൃഷിയോഗ്യമായ, ജലസേചനസൗകര്യമുള്ള ഒരേക്കർ ഭൂമിതന്നെ പകരം നൽകണമെന്ന് അവാർഡിൽ പറയുന്നു. എന്നാൽ ഗവർമ്മേണ്ടിന്റെ "മേലന്വേഷണകമ്മറ്റി" നർമ്മദ ട്രബ്യൂണലിന്റെ അവാർഡ് പൊളിച്ചെഴുതാൻ പോലും ധൈര്യം കാണിച്ചിരിക്കുന്നു. മൻമോഹൻ സിങ് അതിന്റെ ചുവട്ടിൽ മേലൊപ്പും വച്ചുകൊടുത്തിരിക്കുന്നു. വോട്ടും തേടി ജനങ്ങളെ സമീപിക്കേണ്ട ആവശ്യമില്ലാത്തവർക്കുമാത്രമേ ഇതിനുള്ള ധൈര്യം വരൂ.

ഏതായാലും ഈ പ്രശ്നം സെപ്തമ്പറിൽ സുപ്രീം കോടതിയുടെ പരിഗണനക്കുവരും. കോടതിയും ഇതിന്നു മേലൊപ്പു വച്ചുകൊടുക്കുമോ എന്നറിയാൻ കാത്തിരിക്കുകയേ നിവൃത്തിയുള്ളൂ. ❑

കുട്ടി ജനിക്കുംമുമ്പേ കോഴ കൊടുക്കാൻ നിർബ്ബന്ധിക്കപ്പെടുന്ന ഒരവസ്ഥയിൽ, ഏത് തെറ്റായ മാർഗ്ഗത്തിലൂടെയും സമ്പത്ത് അനധികൃതമായി വാരിക്കൂട്ടാൻ ബന്ധപ്പെട്ടവർ ശ്രമിക്കും. അഴിമതിക്കും മറ്റനേകം സാമൂഹ്യതിന്മകൾക്കും അത് കാരണമാകും. യേശുവിൽ വിശ്വസിക്കുന്നവർക്ക് അതിന് കഴിയില്ല. ആഡംബര ബന്ധിയായ ഒരു സംസ്ക്കാരം വിദ്യാഭ്യാസ മേഖലയെ കീഴടക്കിക്കഴിഞ്ഞു. ആവശ്യവും ആഡംബരവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവിധം അധാർമ്മികവും അനാരോഗ്യകരവുമായ മത്സരം സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ കീഴടക്കിയിരിക്കുന്നു.

ക്രൈസ്തവത്വം ഇവിടെ തമസ്ക്കരിക്കപ്പെടുകയും മറ്റാരുടേയോ ശേഷിപ്പുകൾ പേറാൻ വിശ്വാസികൾ നിർബന്ധിതരാവുകയും ചെയ്യുന്നു. ആഡംബരക്കാരന്റെ നിലവാരത്തിൽ അത്താഴപ്പട്ടിണിക്കാരനും ജീവിക്കാൻ വിധിക്കപ്പെടുന്നു. ഒന്നുകിൽ ആത്മഹത്യ, അല്ലെങ്കിൽ മോഷ്ടിച്ച് ജീവിക്കുക (ക്രിമിനലാവുക) എന്നതായിരിക്കുന്നു സാധാരണക്കാരന്റെ മുമ്പിലുള്ള പോംവഴികൾ. ഇതിലെ നീതി ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അദ്ധ്വാനിക്കുന്നവന്റെയും ഭാരം ചുമക്കുന്നവന്റെയും ഒപ്പം നില്ക്കാനുള്ള ആഹ്വാനമാണ് ക്രിസ്തു നല്കിയത്. ക്രൈസ്തവർ സ്വീകരിക്കേണ്ട മാർഗ്ഗവും അതുതന്നെ. സ്ഥാപനങ്ങൾ നടത്തുവാൻവേണ്ടി പണമുണ്ടാക്കുക എന്ന സമീപനം ക്രൈസ്തവമല്ല, പണമില്ലാത്തവർക്കുംകൂടി നീതി ഉറപ്പാക്കുന്നതാണ് ക്രൈസ്തവം. അതിനാൽ സ്വാശ്രയ ബില്ലിനെതിരെ നടക്കുന്ന സമരങ്ങളിൽനിന്നും ക്രൈസ്തവർ വിട്ടുനില്ക്കേണ്ടതാണ്. അല്ലാതെ കലാപത്തിലേക്കും അരാജകത്വത്തിലേക്കും ജനത്തെ തള്ളിവിടുന്നതും ആരാധനാലയങ്ങൾ അതിനായി ഉപയോഗപ്പെടുത്തുന്നതും ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കാൻ ഏല്പിച്ചുകൊടുക്കുന്നതിന് തുല്യമാണ്.

## ഡോ. നൈനാൻ കോശി



1998-ൽ ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ജനനീതി ഇതേ വേദിയിലൊരുക്കിയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ പറഞ്ഞത് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തട്ടെ. ന്യൂനപക്ഷാവകാശം തുല്യതയ്ക്കുവേണ്ടിയാണ്. മതനിരപേക്ഷമായ ഒരു അന്തരീക്ഷത്തിൽ മാത്രമേ ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടൂ. ന്യൂനപക്ഷാവകാശങ്ങളുടെ സംരക്ഷണത്തിനവശ്യംവേണ്ടത് മതനിരപേക്ഷ സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുകയാണ്.

ഇന്ത്യയിൽ ഏതെല്ലാം ഇടങ്ങളിൽ മതന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നുണ്ടോ, അവിടെയൊക്കെ ഓടിയെത്തി അവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്നത് പാർലിമെന്റിലെ ഇടതുപക്ഷ പ്രതിനിധികളാണെന്ന കാര്യം നാം ഓർമ്മിക്കണം.

വിദ്യാഭ്യാസം ഇനിമേൽ സേവനമല്ല, വാണിജ്യമാണ് എന്ന അടിസ്ഥാനത്തിലാണ് ന്യൂനപക്ഷാവകാശങ്ങളുടെ പുതിയ വക്താക്കൾ രംഗത്തെത്തിയിരിക്കുന്നത്. കേരള നിയമസഭ അടുത്ത കാലത്ത് പാസ്സാക്കിയ പുതിയ നിയമം സത്യത്തിൽ ന്യൂനപക്ഷഭാവിയെ സംരക്ഷിക്കുന്നതാണ്. ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിനും അനുകൂലമാണത്.

2006 ജൂലൈ 25-ലെ സംയുക്ത ഇടയലേഖനം ഒരു നനഞ്ഞ പടക്കമായിരുന്നു. ഇന്നലെ തൃശൂരിൽ മുഴങ്ങിയ "അവസാനത്തെ ക്രിസ്ത്യാനിയും, അവസാനത്തെ കത്തോലിക്കനും" (ഇവ തമ്മിലുള്ള അന്തരം എന്തെന്നെനിക്കറിയില്ല) എന്ന താക്കീത് ഒരു വികാരിയുടെ സ്വരമല്ല, വികാരതീവ്രതയുടേതാണ്, അതൊരു ആർമി ജനറലിന്റെ യുദ്ധപ്രഖ്യാപനമായിരുന്നു, വികാരി ജനറലിന്റെ സ്നേഹസന്ദേശമായിരുന്നില്ല. അത് 'ബൂമറാങ്ങ്' ആയി, ഉച്ചരിക്കുന്നവന്റെ നെഞ്ചിലേക്ക് തിരിച്ചെത്തുമെന്ന് നാം അറിയേണ്ടതുണ്ട്.

ഇടയലേഖനങ്ങളുടെ ആധികാരികത നഷ്ടമായിരിക്കുന്നു. കാരണം അവയിലൊരിടത്തും ആദ്ധ്യാത്മിക ചൈതന്യമില്ല.

ഭരണഘടനയ്ക്ക് രൂപം കൊടുക്കുന്ന സുപ്രധാന വേളയിൽ ന്യൂനപക്ഷങ്ങളെക്കുറിച്ച് ചർച്ച നടന്നപ്പോൾ മൂന്ന് വസ്തുതകൾ പ്രത്യേകം പരിഗണിച്ചിരുന്നു.

1. ന്യൂനപക്ഷങ്ങൾക്ക് മതേതരത്വത്തോടുള്ള വിധേയത്വം.
2. മതേതര വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധത.
3. സുപ്രധാന മേഖലകളിൽ ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക്.

ഇതെല്ലാം വിസ്മരിച്ചുകൊണ്ടാണ് ഇന്ന് വാണിജ്യം ഈ രംഗത്ത് കടന്നുവന്നിരിക്കുന്നത്.

1957-ലെ കേരള വിദ്യാഭ്യാസ നിയമമാണ് സുപ്രീം കോടതിയിൽ ആദ്യമായി ചോദ്യംചെയ്യപ്പെട്ട ന്യൂനപക്ഷാവകാശം. പക്ഷെ, ആ നിയമം ന്യൂനപക്ഷാവകാശങ്ങളെ ഹനിക്കുന്നില്ല എന്ന് കോടതി വ്യക്തമാക്കിയിരുന്നു; മറ്റ് ചില ഭരണഘടനാ ലംഘനങ്ങൾ ചൂണ്ടിക്കാണിക്കാമെങ്കിലും. 2002-ൽ TMA Pai കേസിൽ ഈ അവകാശത്തിന്റെ അന്തഃസത്ത വ്യക്തമാക്കപ്പെട്ടു. മതനിരപേക്ഷതയും തുല്യതയും തമ്മിലുള്ള ബന്ധമാണ് ഭരണഘടനയിലെ 30-ാം അനുഛേദത്തിന്റെ സാരം.

മതനിരപേക്ഷതയ്ക്ക് ബലക്ഷയം ഉണ്ടാക്കുന്നതൊന്നും ന്യൂനപക്ഷാവകാശങ്ങളുടെ പേരിൽ സംഭവിക്കരുത്. മാത്രമല്ല, തുല്യത പാലിക്കപ്പെടുകയും വേണം.

ന്യൂനപക്ഷ സ്ഥാപനങ്ങളുടെ സൂചകങ്ങൾ എന്തെന്ന് കോടതി ആരാഞ്ഞു. ഉത്തരം ഇന്നും വ്യക്തമല്ല. സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തിലെ 8-ാം വകുപ്പ് തങ്ങളുടെ അവകാശം എടുത്തുകളയുന്നു എന്നു പറയുന്നവർ 2005 -ലെ ഇനാംദാർ കേസ് ഓർക്കണം. ന്യൂനപക്ഷ പദവി നല്കാനുള്ള നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനെയാണ് കോടതി ചുമതലപ്പെടുത്തുന്നത്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശത്തിന്റെ മുകളിലല്ല ന്യൂനപക്ഷപദവി നല്കാനുള്ള അധികാരം. ന്യൂനപക്ഷ പദവികൊണ്ട് പല സ്ഥാപനങ്ങളും അവരുടെതന്നെ സമുദായത്തിലെ പാവപ്പെട്ട കുട്ടികളുടെ പഠനത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ചർച്ച ചെയ്യേണ്ടത് ആരോടാണ്? സഭകൾക്കാണോ ന്യൂനപക്ഷാവകാശം? ക്രിസ്തീയ സമുദായം ന്യൂനപക്ഷമാണ്; എന്നാൽ സഭ അങ്ങിനെയല്ല. സഭ ന്യൂനപക്ഷമാണെന്ന് പറയുന്നവർ ദൈവശാസ്ത്രപഠനം തുടരണം.

സഭകൾക്കുള്ളിലെ വിമോചന സമരമാണിന്നാവശ്യം. അത്തരം മോചനമാണ് യഥാർത്ഥ എക്യുമേനിസം. മേൽസൂചിപ്പിച്ച സംയുക്ത ഇടയലേഖനം എക്യുമേനിക്കൽ ചൈതന്യത്തിന് വിരുദ്ധമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

## ഡോ. സ്കറിയ സക്കറിയ



കത്തോലിക്കനായ എന്റെ ജീവിതത്തിലെ ഏറ്റവും അപമാനകരങ്ങളായ സംഭവങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്നത്. ചങ്ങനാശ്ശേരി രൂപതയിൽ സ്വാശ്രയ സ്ഥാപനങ്ങൾ വേണ്ട എന്നായിരുന്നു ആദ്യ തീരുമാനം. എടത്വാ സെന്റ് അലോഷ്യസിൽ കാശ് വാങ്ങിത്തുടങ്ങിയപ്പോൾ ആർച്ച് ബിഷപ്പ് പവ്വത്തിൽ അത് നിരോധിച്ചു. പക്ഷെ അനുസരിക്കേണ്ടവർ അനുസരിച്ചില്ല. പിന്നീട് തിരുവനന്തപുരത്ത് മേരിമാതാ സ്ഥാപനങ്ങൾ ഇതേ ശൈലിയിൽ പൊന്തിവന്നപ്പോൾ അവയുടെ പേട്രൺ ആകാൻ വിസമ്മതിച്ചയാളാണ് ആർച്ച് ബിഷപ്പ്. ഇന്ന് അദ്ദേഹത്തെ മുന്നിൽനിറുത്തിക്കൊണ്ടാണ് വിദ്യാഭ്യാസച്ചന്തയിൽ കച്ചവടക്കാർ പടവെട്ടാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. ഈ നീക്കം വളരെ തന്ത്രപരമാണ്. കുരുക്ഷേത്രത്തിൽ നടന്നതും ഇതുതന്നെയാണ്. വഴിവാണിഭക്കാർ വലിയ ഗുരുനാഥന്മാരെ തേരാളികളാക്കുന്നു.

ക്രൈസ്തവ സമൂഹത്തിൽ മാഫിയ വല്ക്കരണം സംഭവിച്ചിരിക്കുന്നു. വാണിജ്യതാല്പര്യമുള്ളവർ സംഘംചേർന്ന് സമൂഹത്തെ ഭീഷണിപ്പെടുത്തുന്നു. അവർ ഉപയോഗിക്കുന്ന Human Shield ആണ് തിരുമേനിമാർ. ഇടർച്ചകൾ സൃഷ്ടിക്കുന്നവർക്കെതിരെ ബൈബിൾ താക്കീതു നല്കുന്നു. പിതാക്കന്മാരെ, നിങ്ങൾ സമൂഹത്തിന് ഇടർച്ചയുണ്ടാക്കരുത്. പണമാണ് ഡോക്ടറാകാനുള്ള യോഗ്യത എന്ന് പഠിപ്പിക്കുന്നത് വലിയ ഇടർച്ചയാണ്. സമ്പത്തുകൊണ്ട് നീതിയെ അട്ടിമറിക്കാമെന്ന് നിങ്ങൾ കുട്ടികളോട് പറയുന്നു.

'നമ്മുടെ കോളേജുകൾ'? അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾ എങ്ങിനെ 'നമ്മുടേത്' ആകും? 35 ലക്ഷം വാങ്ങി സീറ്റ് വില്ക്കുന്ന സ്ഥാപനം 'നമ്മുടേ'തല്ല.

2004-ലെ പാർലമെന്റ് ആക്ട് - National Commission for Minority Education Act വിമർശനാത്മകമായി വിലയിരുത്തപ്പെടണം. അതനുസരിച്ച് ഒരു ന്യൂനപക്ഷ സമുദായ അംഗം നടത്തുന്ന സ്ഥാപനങ്ങൾ ന്യൂനപക്ഷസ്ഥാപനങ്ങളാകും. ന്യൂനപക്ഷപദവി ഉണ്ടെങ്കിൽ ഇന്ത്യയിലെ ഏത് സർവ്വകലാശാലയുമായും സ്ഥാപനത്തെ അഫിലിയേറ്റ് ചെയ്യാം. വാണിജ്യസാദ്ധ്യതകൾ ഏറെയുള്ള ന്യൂനപക്ഷ പദവി ദുരുപയോഗപ്പെടുത്താൻ അനന്തസാദ്ധ്യതകളാണുള്ളത്. അത് തടയുന്നതിനാണ് കേരളം പുതിയ നിയമം കൊണ്ടുവന്നതും. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ ഈ വസ്തുതകളറിയാം. പക്ഷെ കച്ചവടക്കണ്ണുള്ളവർ വെറുതെയിരിക്കുമോ? അതാണ് നാമിപ്പോൾ കാണുന്നത്. സാമൂഹികസന്തുലിതാവസ്ഥ അപകടപ്പെടുത്തുന്ന Reverse Discrimination തടയുകതന്നെ വേണം. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സർക്കാർ അതിനു മുന്നോട്ടുവന്നു. നാം ശരിയായതു പ്രവർത്തിച്ചാൽമാത്രം പോര; അത് സമൂഹത്തെ ബോധ്യപ്പെടുത്തുകയും വേണം. സമൂഹത്തിന്റെ അടിത്തട്ട് വിഛേദിക്കാൻ ആരെയും അനുവദിച്ചുകൂട. നൂറുവർഷം കൊണ്ട് ക്രൈസ്തവ സമൂഹം പടുത്തുയർത്തിയ സാമൂഹ്യ പ്രതിഛായയാണ് ചിലരുടെ ഏതാനും നിമിഷത്തെ വിഡ്ഢിത്ത പ്രസ്താവനകൾകൊണ്ട് തകർക്കപ്പെടുന്നത്.

വിദ്യാഭ്യാസക്കച്ചവടത്തിന്നേരെ കണ്ണടയ്ക്കാനാവില്ല എന്ന് സുപ്രീം കോടതി പറഞ്ഞു, ഇനാംദാർ കേസിൽ. വിദ്യാഭ്യാസരംഗത്ത് അതിവേഗം പടർന്നുപിടി

ക്കുന്ന വാണിജ്യവൽക്കരണത്തിനെതിരെ സംസ്ഥാന ഗവർമെന്റുകളോട് കോടതി കല്പിച്ചു - (1) മെരിറ്റ് മാത്രമായിരിക്കണം അഡ്മിഷന് മാനദണ്ഡം, (2) നടപടിക്രമങ്ങൾ മുഴുവനും സുതാര്യമായിരിക്കണം, (3) ചൂഷണം ഒട്ടുമില്ലാത്ത ഫീസ് ഘടനയുണ്ടായിരിക്കണം. കോളേജ് നടത്തിക്കൊണ്ടുപോകാനാവശ്യമായ ഫീസ് വാങ്ങാമെന്നു കോടതി പറഞ്ഞതിനർത്ഥം, കോളേജ് സ്ഥാപിക്കാനാവശ്യമായ ഫീസ് ഈടാക്കാമെന്നല്ല. കോടതിയുടെ കർശനമായ നിർദ്ദേശങ്ങൾ അനുസരിച്ച് കേരള സർക്കാർ ഉണ്ടാക്കിയ നിയമം എങ്ങനെ ന്യൂനപക്ഷ വിരുദ്ധമാകും?

പ്രലോഭനങ്ങളുമായി കച്ചവടക്കാർ വരുമ്പോൾ, ബൈബിളിൽ പറയുംപോലെ 'സാത്താനെ, നീ പിറകിൽ പോകുക' എന്നു പറയാനുള്ള ആർജ്ജവം നാം കാണിക്കണം.

## ഡോ. എം.പി. മത്തായി



നാമെല്ലാവരും വൈകാരികമായി ഉദ്വേഗത്തിലാണ്. മറ്റ് ചർച്ചകളിൽ കാണാത്ത വികാരതീവ്രത ഇന്നത്തെ വിഷയത്തിലുണ്ട്. 1970കളിൽ വാണിജ്യവൽക്കരണം ഇവിടെ നടന്നിരുന്നു. അതിന്റെ ബാക്കിപത്രമാണ് ഇന്നു കാണുന്നത്. കേരള സമൂഹത്തെ ഇപ്രകാരം വിഭജിക്കണോ എന്നു നാം ചിന്തിക്കണം. ജിവിതത്തിന്റെ സമസ്ത മേഖലകളും ഇന്ന് കമ്പോളവൽക്കരിക്കപ്പെട്ടിരിക്കുന്നു.

ഏ.കെ. ആന്റണിയുടെ നാളുകളിൽ ചോദിച്ചവർക്കെല്ലാം - 26 പേർക്ക് - അനുവാദം നല്കുകയായിരുന്നു. അതിന് അദ്ദേഹം നല്കിയ വ്യാഖ്യാനം കൈക്കൂലിയുടെ സാദ്ധ്യത ഒഴിവാക്കാൻ വേണ്ടിയെന്നാണ്. 26 പേരിൽ വെറും 5 പേർ മാത്രമാണ് ഓൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിനായി പോയത്. ആന്റണി അന്നൊരു ഉടമ്പടിയുണ്ടാക്കിയിരുന്നെങ്കിൽ ഇന്നത്തെ പ്രശ്നങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. അച്ചുതമേനോൻ മന്ത്രിസഭ direct payment ന്റെ കാര്യത്തിൽ ഉണ്ടാക്കിയ ഉടമ്പടി ഓർമ്മിക്കുക.

പുതിയ നിയമം നല്ലതാണെന്ന് എനിക്കഭിപ്രായമില്ല. വിവാദപരമായ പ്രശ്നം ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിർവ്വചിക്കുന്നതിലാണ്. മതന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ എന്തുതരം മൂല്യബോധമാണ് പകർന്നു നൽകുന്നത്? സ്നേഹമോ, സേവനമോ, പങ്കുവെയ്ക്കലോ ഈ സ്ഥാപനങ്ങളിലുണ്ടാവുക? ഈ കാലഘട്ടത്തിലെ സഭകളുടെ ദൗത്യം തീർച്ചയായും ചൂഷണം ആകരുത്.

കമ്പോളയുക്തിയുടെ പ്രവാഹത്തിൽ അപകടം വരുകയാണ്. പ്രലോഭനങ്ങൾക്ക് അതീതരാകാൻ സഭകൾക്ക് കഴിയുന്നില്ലെങ്കിൽ സഭകൾ ചെയ്യേണ്ടത് സത്യസന്ധമായി അതങ്ങ് സമ്മതിക്കുകയാണ്. പിന്നേയും 'സേവനം' എന്ന് ആവർത്തിക്കുന്നത് വലിയ കാപട്യമാണ്. ഈ യാഥാർത്ഥ്യങ്ങൾ എല്ലാവരും സമ്മതിക്കുമ്പോഴാണ് ചർച്ചകൾക്കുള്ള വഴികൾ തെളിയുന്നത്. ഇന്നത്തെ പ്രശ്നങ്ങൾ തുറന്ന ചർച്ചകളിലൂടെ പരിഹരിക്കാവുന്നതേയുള്ളൂ. പക്ഷെ, യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടയ്ക്കരുത്. കർണ്ണാടകത്തിൽ അതാണ് സംഭവിച്ചത്. ഒരു സമവായം ഇവിടെയും ഇനിയും സാധ്യമാണ്.

ആരാണ് ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തേണ്ടത്? എന്തുതരം സേവനമാണ് ഇവരിൽനിന്നും സമൂഹത്തിന് ലഭിക്കുന്നത്? ഇത്തരം സ്ഥാപനങ്ങളെ ഒരു സാമൂഹിക ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണ്. ഈ ചർച്ചയെ വിവാദമാക്കാതെ സംവാദമായി രൂപപ്പെടുത്തിയതിന് ജനനീതിക്ക് നന്ദി.

## പ്രഫ. റവ. തോമസ് ജോൺ



പ്രബോധനം സാധാരണക്കാർക്ക് ആവശ്യമില്ല. ജനബന്ധം കൂടാതെ ദന്തഗോപുരങ്ങളിൽ വാഴുന്നവർക്കും കോടതികൾക്കുമാണ് പ്രബോധനം ആവശ്യമായിട്ടുള്ളത്. സംഘർഷങ്ങളിലൂടെയേ സമവായം ഉണ്ടാവുകയുള്ളൂ. ഈ വൃത്തികേടും ധർമ്മച്യുതിയും കുറേക്കൂടി പുറത്തുവരേണ്ടതുണ്ട്. അതിന് സംഘർഷം ഉപകരിക്കും. മൂല്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് പള്ളികളിൽ സ്ഥാനമില്ല. അതിന് മതേതര വേദികൾതന്നെ വേണം.

സഭകളിലെ മിഷണറി പാരമ്പര്യം 1975-ൽ കഴിഞ്ഞു. ഏത് അംഗീകൃത സ്ക്കൂളാണ് നെറ്റിയിലെ വിയർപ്പുകൊണ്ട് ഉണ്ടാക്കിയത്? സമൂഹത്തിലെ അനവധി അസന്തുലിതാവസ്ഥകൾക്കുള്ള പരിഹാരം വിദ്യാഭ്യാസമായിരുന്നു. അതാണ് വരേണ്യവർഗ്ഗത്തിന്റേതാക്കി മാറ്റിയത്. ഇതൊരു ചെറിയ തെറ്റല്ല. ആഗോളവൽക്കരണത്തോടെയാണ് വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണം കേരളത്തിൽ തുടങ്ങുന്നത്. പിന്നീടങ്ങോട്ട് വളരെ വേഗത്തിലായിരുന്നു. സഭയുടെ തെറ്റുകളാണിവ -

വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിച്ചു (ആരോഗ്യത്തെയും).

പാവപ്പെട്ടവനെ ഗതി കിട്ടാത്തവനാക്കി.

സമൂഹത്തിൽ തുല്യത ഇല്ലാതാക്കി.

സഭയെന്നാൽ ധനികരുടെ കൂട്ടുകച്ചവടമായി.

ത്യാഗം എല്ലാരംഗത്തുനിന്നും തുടച്ചുമാറ്റപ്പെട്ടു.

ഒരു കാലത്ത് സഭയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് ദാർശനികമായ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. - ഒരു പുതിയ മനുഷ്യനെ സൃഷ്ടിക്കുക; ഒരു പുതിയ മാനവികത! ആർത്തിപൂണ്ട, സ്വാർത്ഥിയായ പുതിയ മനുഷ്യനാണ് 'സ്വാശ്രയ'ത്തിന്റെ ഉല്പന്നം.

ഞാൻ അനുഭവിക്കുന്ന 'ബലഹീനത'യുടെ പക്ഷത്തുനിന്നുകൊണ്ടു മാത്രമേ ന്യൂനപക്ഷ അവകാശങ്ങളെ എനിക്ക് മനസ്സിലാക്കാൻ കഴിയൂ. ഭൂരിപക്ഷം ന്യൂനപക്ഷത്തെ വിഴുങ്ങാതിരിക്കാൻ ഏറ്റവും ബലഹീനന് പരിരക്ഷ വേണം. അതിനായിരുന്നു ന്യൂനപക്ഷ അവകാശം ഭരണഘടനയിൽ പരിരക്ഷിക്കപ്പെട്ടത്. പരിരക്ഷ വേണ്ടവരെ വാണിഭസംഘങ്ങൾക്ക് എറിഞ്ഞുകൊടുത്ത്, ശക്തർക്ക് സംരക്ഷണം നല്കുകയാണ് സഭാനേതൃത്വം ഇപ്പോഴും ചെയ്യുന്നത്. ഇവിടെ ജനാധിപത്യ മൂല്യങ്ങളുടെ നിരാസവും നിഷേധവുമുണ്ട്. 'തെറ്റാവരം' കൊണ്ടുവരുന്ന പ്രശ്നമാണിത്. വിദ്യാഭ്യാസമേഖല കച്ചവടക്കാർക്ക് തുറന്നിട്ട ഗവൺമെന്റും ടി.എം.എ. പൈ കേസിലൂടെ വിദ്യാഭ്യാസരംഗം അഴിമതിക്കാരുടെ കുത്തകയാക്കി അംഗീകരിച്ച കോടതിയും ചെയ്ത തെറ്റുകളെ ന്യായീകരിക്കാൻ കഴിയില്ല. റേഷൻകടപോലെ സ്വാശ്രയ സ്ഥാപനങ്ങൾ നടത്താൻ കഴിയില്ലെന്ന് ഒരു ബിഷപ്പ് കഴിഞ്ഞ ദിവസം പറഞ്ഞത് അപലപനീയമാണ്. സാമൂഹിക പ്രതിബദ്ധതയുടെ മുഖംമൂടിയണിഞ്ഞ് നുണ പറയുന്നവരായിത്തീർന്നിരിക്കുന്നു സഭാനേതൃത്വം. "നീ വിരുന്നു കഴിക്കുമ്പോൾ ബധിരരേയും, അവശരേയും ദരിദ്രരേയും ക്ഷണിക്കുക; എന്തെന്നാൽ തിരിച്ചുനല്കാൻ അവരുടെ പക്കൽ ഒന്നുമില്ല". എന്നു പറയുന്ന ബൈബിൾ ഭാഗം ദേവാലയത്തിൽ വായിച്ചശേഷം, ബൈബിൾ വചനത്തിന്റെ നിഷേധമായ സംയുക്ത ഇടയലേഖനം വായിക്കുന്നത് വൈരുദ്ധ്യമല്ലേ? ഇന്നത്തെ ബഹളങ്ങളെല്ലാം വിവേകശൂന്യമാണ്; ധർമ്മച്യുതിയുടെ ബഹിർസ്ഫുരണങ്ങളാണ് അവയത്രയും. ❑

# സഫലമായ ഒരു വർഷം

നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ജനനീതി സഫലമായ ഒരു വർഷംകൂടി പിന്നിട്ടിരിക്കുകയാണ്. മനുഷ്യാവകാശങ്ങൾക്കും സാമൂഹ്യനീതിക്കും വേണ്ടി നിയമത്തെ കരുവാക്കുന്നതിലാണ് ജനനീതി കൂടുതൽ ശ്രദ്ധിക്കുന്നതെങ്കിലും സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ അവകാശങ്ങളുടെ കാര്യത്തിലും ജനനീതി ദത്തശ്രദ്ധയാണ്. ആർത്തരും അവശരുമായവർക്ക് നീതി കൈവരുത്തുന്നതിനപ്പുറം അവരെ സമൂഹത്തിലെ സജീവ പങ്കാളികളാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. അതായത് നമ്മുടെ സമീപനം നിഷേധാത്മകമായാൽപോര, രചനാത്മകവുമാകണം. ജനനീതിയുടെ പ്രവർത്തനം വികസ്വരമാകുന്നത് ആ നിലക്കാണ്.

സൗജന്യ നിയമസഹായം ജനനീതിയുടെ മുഖ്യകർമ്മമണ്ഡലങ്ങളിലൊന്നാണ്. സാക്ഷരതയിൽ നമ്മുടെ നാട് മുന്നിട്ടുനിൽക്കുന്നുവെങ്കിലും നിയമസാക്ഷരതയിൽ നാം വളരെ പിന്നിലാണെന്ന് സമ്മതിച്ചേതീരൂ. ജനക്ഷേമകരമായ ഒട്ടേറെ നിയമങ്ങളിവിടെയുണ്ട്; പക്ഷെ അവയെക്കുറിച്ച് അറിവുള്ളവരും, അറിവുണ്ടെങ്കിൽതന്നെ അതിനെ പ്രയോജനപ്പെടുത്താൻ കഴിവുള്ളവരും അതിപരിമിതമാണ്. ഈയൊരു അപര്യാപ്തത പരിഹരിക്കാൻ ജനനീതി ശ്രമിച്ചുവരുന്നു. കഴിഞ്ഞ കൊല്ലം ജനനീതിയുടെ സഹായം തേടിവന്ന 8750 പേരിൽ 6250 പേരും നിയമ സഹായം തേടി വന്നവരായിരുന്നു. ഇവരിൽ എല്ലാ തരക്കാരും ഉണ്ടായിരുന്നു. വീട്ടിലെ അതിക്രമങ്ങൾ, സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ അവശതകൾ, ലൈംഗികാതിക്രമങ്ങൾ, ബാലപീഡനം, പോലീസിന്റെ ദണ്ഡനമുറകൾ, അനാഥരാക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിങ്ങനെ നാനാതരക്കാരും നീതി തേടി ജനനീതിയെ സമീപിക്കുകയുണ്ടായി. ജനനീതിയിലെ നിയമജ്ഞർ തർക്കത്തിൽപെട്ട കക്ഷികളെ രഞ്ജിപ്പിക്കാനും, അത് അസാധ്യമാണെന്നുവന്നാൽ അനീതികൾക്ക് പരിഹാരമുണ്ടാക്കാനും സഹായിച്ചിരുന്നു.

മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ കൊല്ലം ജനനീതിയിലെത്തിയ പരാതികൾ വളരെ കൂടുതലായിരുന്നു. പുരോഗമിക്കുന്നതോടൊപ്പം സമൂഹം കൂടുതൽ ക്രൂരമായിത്തീരുന്നതാകാം ഇതിന്റെ കാരണങ്ങളിലൊന്ന്. ജനനീതിയിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുന്നതും കാരണമാകാം.

ജനനീതിയിൽ ലഭിക്കുന്ന പരാതികളെല്ലാം വിശദമായ അന്വേഷണത്തിന് വിധേയമാക്കാറുണ്ട്. പരാതി ശരിയാണെന്ന് ഫീൽഡ് ഓഫീസർമാർക്ക് ബോധ്യപ്പെട്ടാൽ, തർക്കത്തിൽപെട്ട കക്ഷികളെ വിളിച്ചുവരുത്തി രഞ്ജിപ്പിലെത്താൻ ശ്രമിക്കും. കഴിഞ്ഞ കൊല്ലം ഈ തരത്തിൽപെട്ട 328 കേസുകൾ ഒത്തുതീർപ്പിലെത്തിക്കാൻ സാധിക്കുകയുണ്ടായി. ദണ്ഡനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായതിനെത്തുടർന്ന് സഹായംതേടി എത്തുന്നവരിൽ ചിലർക്ക് നിയമസഹായം മാത്രം മതിയായെന്നുവരില്ല. അവർക്ക് മന:ശാസ്ത്രപരമായ ചികിത്സതന്നെ വേണ്ടിവരും. ഇത്തരം കേസുകൾ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ ഏല്പിക്കാറുണ്ട്.

ക്രൂരമായ പെരുമാറ്റങ്ങൾക്ക് വിധേയരാകുന്നവരെ സഹായിക്കാനായി ജനനീതി ഒരു "ടെലിഫോൺ ഹെൽപ് ലൈൻ" ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ കൊല്ലം നൂറുകണക്കിനാളുകൾ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തു

കയുണ്ടായി. നിയമം സംബന്ധിച്ച് ജനങ്ങൾക്കിടയിലുള്ള അജ്ഞതയും തെറ്റുധാരണകളും അത്ഭുതാവഹമാണ്. തങ്ങളുടെ ആവശ്യങ്ങളും തങ്ങൾക്കുള്ള ആനുകൂല്യങ്ങളും തിരിച്ചറിയാനോ അവകാശപ്പെടാനോ കഴിവില്ലാത്തവരാണ് സ്ത്രീകളിലധികം പേരും. തന്മൂലം ജനനീതി അങ്കണവാടികൾ മുഖേനയും സെൽഫ് ഹെൽപ് ഗ്രൂപ്പുകൾ വഴിയും നിയമബോധവൽക്കരണം നടത്തിവരുന്നുണ്ട്. കഴിഞ്ഞ കൊല്ലം ഇത്തരം പരിപാടികളിൽ 44252 സ്ത്രീകൾ പങ്കെടുത്തു.

വിവിധ സംഘടനകൾക്ക് ജനനീതി വിദഗ്ദ്ധോപദേശം നൽകിവരുന്നുണ്ട്. അക്കാദമിക് സ്ഥാപനങ്ങൾ, സർക്കാരേതര സ്ഥാപനങ്ങൾ, വ്യവസായ യൂണിറ്റുകൾ പഞ്ചായത്തുകൾ, സന്നദ്ധ സംഘടനകൾ, പോലീസ് എന്നിവയെല്ലാം ഇത് ഉപയോഗപ്പെടുത്തിവരുന്നു. ജനനീതി എക്സിക്ക്യൂട്ടീവ് ഡയറക്ടറും ബോർഡ് അംഗങ്ങളും ജനനീതിയുടെ നിയമവിദഗ്ദ്ധരും ഈ കൺസൾട്ടൻസി സർവ്വീസിൽ പങ്കാളികളാകാറുണ്ട്.

കഴിഞ്ഞ കൊല്ലത്തെ ജനനീതിയുടെ പ്രവർത്തനത്തിന്റെ നല്ലൊരു ഭാഗം "സുനാമി" അപഹരിച്ചു. 1994ൽ മഹാരാഷ്ട്രത്തിലെ ലാത്തൂരിൽ ഭൂകമ്പമുണ്ടായപ്പോഴും 1999ൽ ഒറീസയിൽ കൊടുങ്കാറ്റുണ്ടായപ്പോഴും കണ്ണൂരിൽ രാഷ്ട്രീയ സംഘട്ടനമുണ്ടായപ്പോഴും മാറാടിൽ വർഗ്ഗീയ കുഴപ്പമുണ്ടായപ്പോഴുമെല്ലാം ആശ്വാസ പ്രവർത്തനങ്ങളുമായി ജനനീതി രംഗത്തെത്തിയിരുന്നു. അതിനേക്കാളെല്ലാം വലിയൊരു ദുരന്തമായിരുന്നു സുനാമി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഗവർമ്മേണ്ടും ഒട്ടേറെ സന്നദ്ധ സംഘടനകളും രംഗത്തെത്തിയിരുന്നു. അവർ പലവിധ സഹായങ്ങളും വിതരണം ചെയ്യുകയുണ്ടായി. ഇത്തരം സന്ദർഭങ്ങളിൽ കയ്യൂക്കുള്ളവർ കാര്യം നേടുന്നതാണ് അനുഭവം. അതേസമയം പാവങ്ങൾ പുറംതള്ളപ്പെടുന്നു.

പണമോ സാധനങ്ങളോ വിതരണം ചെയ്യുന്നത് ജനനീതിയുടെ പരിപാടിയിൽ പെട്ടതല്ല. പാവങ്ങൾക്ക് അർഹമായത് നേടിക്കൊടുക്കുക, അവരുടെ കണ്ണീരൊപ്പുക എന്നിവയായിരുന്നു ജനനീതിയുടെ ലക്ഷ്യം. ലക്സംബർഗിലെ ക്ലൈമറ്റ് അലയൻസ് എന്ന സംഘടന ഈ പ്രവർത്തനത്തിന് സഹായം നൽകാൻ മുന്നോട്ടുവന്നതനുസരിച്ച് 2005 ഏപ്രിൽ മുതൽ 2006 മാർച്ച്വരെയുള്ള ഒരു കൊല്ലത്തെ പരിപാടി ജനനീതി ഏറ്റെടുത്തു. നിയമവിദഗ്ദ്ധർ, മനുഷ്യാവകാശ പ്രവർത്തകർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സാമൂഹ്യ പ്രവർത്തകർ എന്നിവരടങ്ങിയ ഒരു ടീമാണ് ആലപ്പുഴയിലേയും കൊല്ലത്തേയും സുനാമി ബാധിത പ്രദേശങ്ങളിൽ പ്രവർത്തനം നടത്തിയത്. ബൽഗാമിലെ "ജനജാഗര"ന്റെ ജോ ചേനക്കാലയും പുനയിലെ "വിമൻസ് വെൽഫെയർ സെന്റ"റിലെ സിസ്റ്റർ ഫിലോമിന തോമസും ലക്സംബർഗിൽനിന്ന് സഹായം ലഭിക്കുന്നതിന്ന് ജനനീതിയെ സഹായിക്കുകയുണ്ടായി.

ഇന്ത്യയിൽ രണ്ടുകോടിയോളം കുട്ടികൾ തെരുവിൽ പണിയെടുക്കുന്നുണ്ടെന്നാണ് കണക്ക്. ഈ കുട്ടികൾ ക്രൂരമാംവണ്ണം ചൂഷണം ചെയ്യപ്പെടുന്നു. കുട്ടികളെക്കൊണ്ട് നിയമവിരുദ്ധമായി പണിയെടുപ്പിക്കുക, അവരെ പലവിധത്തിൽ പീഡിപ്പിക്കുക, ലൈംഗികമായി ചൂഷണം ചെയ്യുക എന്നിവയെല്ലാം സർവ്വസാധാരണമാണ്. ചെറുക്കാൻ കഴിവില്ലാത്ത, സഹായത്തിന്നാരുമില്ലാത്ത, ഈ കുട്ടികൾ അവസാനം സാമൂഹ്യദ്രോഹികളായി രൂപാന്തരപ്പെടുന്നു.

കുട്ടികളെ ചൂഷണങ്ങളിൽനിന്നും പീഡനങ്ങളിൽനിന്നും രക്ഷിക്കാൻ ജനനീതി പരിപാടി തയ്യാറാക്കിയിട്ടുണ്ട്. പോലീസിന്റേയും കോടതിയുടേയും സഹായം ഇതിന്നായി ഉപയോഗപ്പെടു

ത്തുന്നു. ഇക്കാര്യത്തിൽ സമൂഹത്തിന്റെ പങ്കാളിത്തമുണ്ടാക്കാനും പൊതുജനങ്ങളിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുണ്ടാക്കാനും ജനനീതി ശ്രമിക്കുന്നുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സംഘടിപ്പിക്കപ്പെട്ട ചൈൽഡ് വെൽഫയർ സൊസൈറ്റിയുടെ ചെയർമാൻ സ്ഥാനം വഹിക്കുന്നത് ജനനീതിയുടെ എക്സിക്ക്യൂട്ടീവ് ഡയറക്ടറാണ്.

ബാലവാണിഭത്തിന്നെതിരായ അന്താരാഷ്ട്ര പ്രസ്ഥാനത്തിന്റെ ഭാഗമായി ഇന്ത്യയിലും ഒരു ബാലവാണിഭവിരുദ്ധ പ്രസ്ഥാനമുണ്ട്. അതിന്റെ നാഷണൽ കൺവീനർ മിസ്റ്റർ സി. നമ്പിയാണ്. നമ്പി ജനനീതിയെ സമീപിച്ചതിനെത്തുടർന്ന് തൃശൂരിൽ ഒരു ബാലവാണിഭവിരുദ്ധ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ബാലവാണിഭവിരുദ്ധ പ്രസ്ഥാനത്തിന്റെ ഒരു കേരള ശാഖ രൂപീകരിക്കുകയും ജനനീതി എക്സിക്ക്യൂട്ടീവ് ഡയറക്റ്ററായ അഡ്വക്കേറ്റ് ജോർജ് പുലികുത്തിയേലിനെ കൺവീനറായി തിരഞ്ഞെടുക്കുകയും ചെയ്തു. കേരള ശാഖയുടെ ആസ്ഥാനമായി ജനനീതി ഓഫീസാണ് നിശ്ചയിച്ചിരിക്കുന്നത്.

“ഗൃഹപീഡനങ്ങളിൽനിന്ന് സ്ത്രീകളെ രക്ഷിക്കൽ” എന്ന വിഷയത്തെക്കുറിച്ച് പോലീസുകാർക്ക് ബോധവൽക്കരണം നടത്തുന്നതിന്നായി ജനനീതി ഡിസംബറിൽ ഒരു ഏകദിന ഓറിയന്റേഷൻ പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 35 പോലീസ് സ്റ്റേഷനുകളിൽനിന്നുള്ള 44 ഓഫീസർമാർ ഈ പരിപാടിയിൽ പങ്കെടുത്തു.

പത്തുവയസ്സിന്നും 16 വയസ്സിന്നും ഇടക്കുള്ള പെൺകുട്ടികൾ വലിയൊരു പരിവർത്തനദശയെ അഭിമുഖീകരിക്കുന്നവരാണ്. ഈ ഘട്ടത്തിൽ അവർക്ക് ആത്മവിശ്വാസമുണ്ടാക്കുകയും ജീവിതത്തേയും വളർച്ചയേയും കുറിച്ചുള്ള കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതിന്നായി കൂട്ടാല, പോപ്പ് നഗർ, തോട്ടപ്പടി എന്നിവിടങ്ങളിൽ ജനനീതി പരിപാടികൾ സംഘടിപ്പിച്ചു. ഇത്തരം കാര്യങ്ങളിൽ സ്ക്കൂൾ തലത്തിലുള്ള കുട്ടികൾക്കായി പ്രത്യേകമൊരു പാഠ്യപദ്ധതി തയ്യാറാക്കാൻ ജനനീതി പ്ലാനിട്ടിട്ടുണ്ട്.

പരിസ്ഥിതി സംരക്ഷണ കാര്യങ്ങളിൽ ജനനീതി എന്നും മുൻനിന്നു പ്രവർത്തിച്ചിരുന്നു. പരിസ്ഥിതി ധ്വംസനങ്ങൾക്കെതിരെ പൊതുതാല്പര്യ ഹർജികൾ സമർപ്പിക്കുക, ഗവേഷണ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക, യുവജനങ്ങളെ സംഘടിപ്പിക്കുക, ബോധവൽക്കരണ പരിപാടികൾ നടത്തുക എന്നിവയെല്ലാം ജനനീതി നടത്താറുണ്ട്. കൊക്ക കോളക്കെതിരെ 2002 ഫെബ്രുവരി മുതൽ ജനനീതി രംഗത്തുണ്ടായിരുന്നു. പലരും സമരം നടത്തി ക്ഷീണിച്ചു പിന്മാറിയപ്പോഴും ജനനീതി പ്ലാച്ചിമടയിലെ സമരക്കാർക്കൊപ്പംനിന്നു. പ്ലാച്ചിമടയിലെ കൊക്കകോള ഫാക്ടറി പൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേയ് 20ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ സമരത്തിൽ ജനനീതി എക്സിക്ക്യൂട്ടീവ് ഡയറക്ടറും പങ്കെടുത്തു.

ജനനീതിയുടെ പതിമൂന്നാം വാർഷികം കഴിഞ്ഞ ഡിസംബർ 30ന് ആഘോഷിച്ചു. നാഷണൽ യൂനിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ വൈസ് ചാൻസലറായ ഡോ. എസ്.ജി. ഭട്ട് ആയിരുന്നു വിശിഷ്ടാതിഥി. സാധാരണക്കാർക്ക് ആവശ്യമുള്ള കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം നൽകുന്നതിന്ന് ഒരു ടെലി ഹെൽപ് ലൈൻ ആരംഭിക്കാൻ ജനനീതി പ്ലാനിട്ടിട്ടുണ്ട്. ഇതിന്റെ സാമ്പത്തിക വശങ്ങൾ തീരുമാനമായാൽ പദ്ധതി നടപ്പാക്കാൻ കഴിയും.

(ജനനീതി വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ച വാർഷിക റിപ്പോർട്ടിന്റെ സംഗ്രഹം) ❑

# ജനനീതി സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

ജനനീതിയുടെ പതിനാലാം വാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയങ്ങളുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

**1. ഗാർഹിക അതിക്രമം:**

ഏതൊരു നിയമവും ലക്ഷ്യപ്രാപ്തിയിലെത്തുന്നത് അതാർക്കുവേണ്ടിയാണോ നിർമ്മിക്കപ്പെട്ടത് അത് അവർക്ക് ഉപകാരപ്രദമാകും വിധം ആവശ്യമായ ചട്ടങ്ങളും നടപടി ക്രമങ്ങളും പ്രയോഗത്തിലെത്തുമ്പോഴാണ്. 2005 ൽ പാർലമെന്റ് പാസ്സാക്കിയ ഗാർഹിക പീഡന നിരോധന നിയമത്തിന്റെ ചട്ടങ്ങൾ നിർമ്മിക്കപ്പെടാത്തതിനാൽ നിയമം കടലാസ്സിൽ കലാശിച്ചിരിക്കുന്നു. സ്ത്രീ പീഡനങ്ങളും സ്ത്രീധന മരണങ്ങളും പെരുകുന്ന സാഹചര്യം കണക്കിലെടുത്ത് കേരള സർക്കാർ ഈ നിയമത്തിന്റെ ചട്ടങ്ങൾ ഉടനടി നിർമ്മിക്കാൻ സത്വര നടപടികൾ കൈകൊള്ളണമെന്ന പ്രമേ.യം കെ. കെ. രാധാമണി അവതരിപ്പിച്ചു.

**2. ഇസ്രേലി ആക്രമണത്തെ അപലപിക്കുന്നു;**

ലോകത്തെ ഏറ്റവും പുരാതനവും മഹത്തരവുമായ സംസ്കാരത്തിന്റെ ജന്മഗേഹമാണ് ലബനൻ. കലാപകാരിയായ ഇസ്രായേൽ ലബനനിൽ നടത്തിവരുന്ന മൃഗീയവും നീചവുമായ ഭീകരാക്രമണത്തേയും കൂട്ടക്കുരുതികളെയും ജനനീതി ശക്തമായി അപലപിക്കുകയും, ഇസ്രായേലിനെ പ്രതിരോധിക്കാൻ ഇന്ത്യയുടെ നയതന്ത്രബന്ധങ്ങൾ ഫലപ്രദമായി ഉപയോഗിക്കണമെന്ന് ഭാരതസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്ന പ്രമേയം അഡ്വ. സോജൻ ജോബ് അവതരിപ്പിച്ചു.

**3. വിവരാവകാശനിയമത്തിൽ വെള്ളം ചേർക്കരുത്:**

അഴിമതിക്കും ഉദ്യോഗസ്ഥകെടുകാര്യസ്ഥതക്കും കടിഞ്ഞാണിടുന്ന വിവരാവകാശനിയമത്തിൽ പൊളിച്ചെഴുത്തിന്നായി ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിന്നെതിരെ, മഗാസസെ അവാർഡ് ജേതാവും പൊതു പ്രവർത്തകനുമായ ശ്രീ. സന്ദീപ് പാണ്ഡെ നടത്തുന്ന സമരത്തിന് പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നതോടൊപ്പം വിവരാവകാശനിയമത്തിൽ മാറ്റങ്ങൾ വരുത്താനുള്ള നടപടികളിൽ നിന്ന് കേന്ദ്രസർക്കാരിനോടും, അതിനാവശ്യമായ സമ്മർദ്ദം ചൊലുത്തണമെന്ന് കേരള സർക്കാരിനോടും ആവശ്യപ്പെടുകയും ചെയ്യുന്ന പ്രമേയം ശ്രീ. ആർ. വിജയരാജൻ അവതരിപ്പിച്ചു.

**4. നഷ്ടപരിഹാരം വാങ്ങി കോളകളെ നാടുകടത്തുക:**

അമിതമായ തോതിൽ കീടനാശിനികളടങ്ങിയ കൊക്കകോള പെപ്സികോള തുടങ്ങിയ ശീതളപാനീയങ്ങളുടെ ഉല്പാദനവും വിതരണവും നിരോധിച്ചുകൊണ്ടുള്ള കേരള സർക്കാരിന്റെ തീരുമാനത്തെ ജനനീതിയുടെ വാർഷികപൊതുയോഗം സ്വാഗതം ചെയ്യുകയും ധീരമായ നടപടികൾക്ക് തയ്യാറായ ,സംസ്ഥാന ഭരണകൂടത്തെ അഭിനന്ദിക്കുകയും ചെയ്തു. എന്നാൽ കൊക്കകോള കമ്പനി മൂലം പ്ലാച്ചിമടയിലും പരിസരങ്ങളിലും സംഭവിച്ച മുഴുവൻ നാശനഷ്ടങ്ങൾക്കും ക്ലേശങ്ങൾക്കും കമ്പനിയിൽ നിന്നും നഷ്ടപരിഹാരം വാങ്ങാനാവശ്യമായ സത്വര നടപടികൾ തുടങ്ങണമെന്ന് കേരളാസർക്കാരിനോടാവശ്യപ്പെടുന്ന പ്രമേയം അഡ്വ. സെബി. ജെ. പുല്ലേലി അവതരിപ്പച്ചു.

➷ പേജ് 23

# അഴിമതിക്കാർക്കെതിരെ വിവരാവകാശനിയമം

**- എ. സുബ്രമണി -**

**ദൗ**ത്യം പൊതുജീവിതം ശുദ്ധീകരിക്കുക എന്നതാണ്. അതിനുള്ള കരുവാകട്ടെ വിവരാവകാശനിയമവും. വിവരാവകാശം ഒരു മൗലികാവകാശമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പൗരൻമാർക്ക് പുതിയ അവകാശമൊന്നും വിവരാവകാശനിയമം വഴി കൈവരുന്നില്ല. ജനങ്ങളെ സേവിക്കാനുദ്ദേശിക്കപ്പെട്ടുള്ള ഗവർമ്മേണ്ട് എങ്ങനെ പ്രവർത്തിക്കുന്നു എന്നറിയാൻ പൗരന് ഇപ്പോൾ തന്നെ അവകാശമുണ്ട്. എന്നാൽ ആ വിവരം അറിയാൻ എവിടെ, എങ്ങനെ അപേക്ഷിക്കണമെന്നും, അതിനെന്ത് ഫീസ് നൽകണമെന്നും വിവരാവകാശനിയമം വ്യക്തമാക്കുന്നു.

ഇന്നാട്ടിൽ ഒരുപാട് നല്ല നിയമങ്ങളുണ്ട്. എന്നാൽ അതൊന്നും ജനോപകാരപ്രദമായി പ്രവർത്തിക്കുന്നില്ല. വിവരാവകാശനിയമം ഇതിൽനിന്നും വ്യത്യസ്തമാണ്. അത് നന്നായി പ്രവർത്തിക്കുന്നുണ്ട്. തന്റെ ചുമതലകൾ നിറവേറ്റാത്ത ഉദ്യോഗസ്ഥനെ പിടിച്ചുനിർത്തി സമാധാനം പറയിക്കാൻ ഇന്ത്യയിലാദ്യമായി ഒരു നിയമമുണ്ടായിരിക്കുന്നു. അതാണ് വിവരാവകാശനിയമം. പൗരൻ ആവശ്യപ്പെട്ട വിവരം യഥാസമയം നൽകാത്ത ഉദ്യോഗസ്ഥന്, ദിവസമൊന്നിന്ന് 250 രൂപ പിഴയിടാൻ ഇൻഫർമേഷൻ കമ്മീഷണർക്ക് അധികാരമുണ്ട്. അപേക്ഷകന്ന് തെറ്റായവിവരം നൽകിയാൽ പിഴ 25,000 ക. യാകും. വിവരം പൂർണ്ണമായി നൽകാതിരുന്നാലും ദുരുദ്ദേശത്തോടെ അപേക്ഷ തിരസ്കരിച്ചാലും പിഴയിടാം. പിഴ ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്ന് പിടിക്കാം

വിവരാവകാശനിയമം വളരെ ഫലപ്രദമായ രീതിയിൽ അനേകംപേർ ഇതിന്നകം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇന്ത്യയിലെ സ്ഥിതി നോക്കുമ്പോൾ അത് നിസ്സാരമാണ്. ജനങ്ങൾക്കിടയിൽ ഈ വിവരാവകാശനിയമത്തെക്കുറിച്ച് വേണ്ടത്ര ബോധമില്ലെന്നതാണ് അതിന്റെകാരണം.

ഒട്ടേറെ സന്നദ്ധസംഘടനകൾ ചേർന്ന് ഈയിടെ "കൈക്കോഴക്കെതിരെ പോരാട്ടം" എന്നൊരു പ്രചരണ പ്രസ്ഥാനം ആരംഭിക്കുകയുണ്ടായി. പതിനഞ്ചു സംസ്ഥാനങ്ങളിലെ 43 നഗരങ്ങളിലാണ് ഒന്നാം ഘട്ടത്തിൽ പ്രചരണം നടത്തിയത്. സർക്കാരേതരസംഘടനകളിലെ 1200 വളണ്ടിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ജൂലായ് പതിനഞ്ചിന് അവസാനിച്ച ഒന്നാം ഘട്ടത്തിൽ കൈക്കോഴ നൽകുന്നതിൽനിന്ന് ജനങ്ങളെ പിൻതിരിപ്പിക്കുന്നതിലായിരുന്നു ശ്രദ്ധ. കൈക്കോഴ നൽകി കാര്യം നടത്തുന്നതിന്നുപകരം വിവരാവകാശനിയമം ഉപയോഗിച്ച് കാര്യം നടത്തുന്നതെങ്ങനെയെന്ന് ജനങ്ങളെ പഠിപ്പിച്ചു. ഹിന്ദു, എൻ.ഡി.ടി.വി, ഹിന്ദുസ്ഥാൻ ടൈംസ്, ദേശോന്നതി, പ്രഭാത് ഖബർ, ധരിത്രി, ആന്ധ്രജ്യോതി, രാജ് എക്സ്പ്രസ്, ലോകസത്ത, തുടങ്ങിയ ഒട്ടേറെ മാധ്യമങ്ങൾ ഈ പ്രചരണപരിപാടിയെ സഹായിക്കുന്നുണ്ട്. ⇨

# ആർജവബുദ്ധിക്ക് ബദലില്ല

ദേശീയ ജനപ്രതിനിധി സഭയായ ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രാദേശിക കക്ഷികൾ മത്സരിക്കുന്നത് തടയണമെന്നാവശ്യപ്പെടുന്ന ഒരു പൊതുതാല്പര്യഹർജി സുപ്രീംകോടതിയിൽ സമർപ്പിക്കപ്പെട്ടിരിക്കുകയാണ്.

കോടതി ആദ്യം ഈ ഹർജി ഫയലിൽ സ്വീകരിക്കാതെ തള്ളിയതാണെങ്കിലും പ്രശ്നത്തിന്റെ ഗൗരവസ്വഭാവത്തെ മുൻനിർത്തി മനസ്സില്ലാമനസ്സോടെ ഫയലിൽ സ്വീകരിക്കകയാണ് ചെയ്തത്.

ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടി(ദളിത്) എന്നൊരു സംഘടനയുടെ പ്രസിഡണ്ടും ചെന്നൈയിലെ അഭിഭാഷകനുമായ എം. ഒ. കണ്ടസ്വാമിയാണ് ഹർജിക്കാരൻ. കഴിഞ്ഞ മൂന്ന് ലോകസഭാതെരഞ്ഞെടുപ്പുകളിലും ഒരു ദേശീയകക്ഷിക്കും ഭൂരിപക്ഷം ലഭിച്ചിട്ടില്ലെന്നും ഒട്ടേറെ പ്രാദേശിക കക്ഷികളെ കൂട്ടുപിടിച്ചാണ് ഭരണം നടത്തുന്നതെന്നും, ഇത് ദേശീയതാല്പര്യത്തിന്ന് ഹാനികരമാണെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടുന്നു.

വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിതെന്നതിൽ സംശയമില്ല. കൊച്ചുകക്ഷികളെ ഭരണത്തിൽ പങ്കാളികളാക്കുന്നത് രാജ്യത്തിന്റെ പൊതുതാല്പര്യത്തിന്ന് അത്യന്തം ഹാനികരമാണെന്നതിന്ന് ഒരു നൂറല്ല ആയിരം ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും.

പക്ഷേ എന്താണിതിന്നൊരു പരിഹാരം? പ്രാദേശികപാർട്ടികളെ ലോകസഭാതെരഞ്ഞെടുപ്പിൽ നിന്ന് ഒഴിവാക്കണമെങ്കിൽ, ആദ്യം തന്നെ ഭരണഘടന ഭേദഗതി ചെയ്യണം. ഈ കൊച്ചുപാർട്ടികളുടെ പിന്തുണയില്ലാതെ ഭരണഘടന ഭേദഗതിചെയ്യാൻ ഇന്ന് സാധ്യമല്ലതാനും.

ഇനി അങ്ങനെ ഭരണഘടന ഭേദഗതി ചെയ്താലും ഫലമുണ്ടാവില്ല. കൊച്ചുകക്ഷികളെ തെരഞ്ഞെടുപ്പിൽ മത്സര്‍ക്കുന്നതിൽ നിന്നും തടഞ്ഞാൽ, ഇന്നത്തെമുന്നണികളെല്ലാം ദേശീയകക്ഷിയുടെ മൂടുപടമിട്ട് രംഗത്തുവരും.

അടിയന്തിരാവസ്ഥക്കുശേഷം നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്നെതിരെ മത്സരിച്ച കക്ഷികളെല്ലാം ലോക്ദളത്തിന്റെ ടിക്കറ്റിലാണ് മത്സരിച്ചു ജയിച്ചതെന്നോർക്കുക

ദേശീയനേതാക്കൻമാർക്കു തന്റേടവും ആർജവബുദ്ധിയുമുണ്ടെങ്കിൽ കൊച്ചുകക്ഷികളെ ഭയപ്പെടാനില്ല; മറിച്ചാണെങ്കിലോ എല്ലാം അപകടത്തിലേ കലാശിക്കൂ. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതും അതാണ്. ❑

---

## അഴിമതിക്കാർക്കെതിരെ.........

ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യാതെ കാലതാമസമുണ്ടാക്കിയാണ് ഉദ്യോഗസ്ഥൻമാർ കൈക്കോഴക്കുവഴിയൊരുക്കുന്നത്. ഇതിനെ വിവരാവകാശ നിയമംകൊണ്ട് നേരിടാവുന്നതേയുള്ളൂ. പാസ്പോർട്ട്, ലൈസൻസ്, വിവാഹസർട്ടിഫിക്കറ്റ് മരണസർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്, പട്ടികജാതി-പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ്, വോട്ടേഴ്സ് ലിസ്റ്റിൽ പേർ ചേർക്കൽ, വെള്ളം-വൈദ്യുതി-ഫോൺ ബില്ലുകളിലെ തകരാറുതീർക്കൽ, മീറ്റർ മാറ്റിവയ്ക്കൽ, തുടങ്ങിയവക്കെല്ലാം വിവരാവകാശം നല്ല പ്രതിവിധിയാണ്.

ഒരാൾ ഒരപേക്ഷ നൽകിയാൽ 30 ദിവസ്സത്തിന്നകം വിവരം നൽകണം. വിവരം നൽകാതിരുന്നാലും വിവരം അപൂർണമായാലും അപ്പീൽ സമർപ്പിക്കാം. ഒരു ഉദ്യോഗസ്ഥൻ തുടർച്ചയായി വിവരാവകാശനിയമം ലംഘിച്ചാൽ, അയാളെ ഡിസ്മിസ് ചെയ്യാൻ പോലും കഴിയും.

കൈക്കോഴക്കെതിരായ പോരാട്ടത്തിന്റെ ഭാഗമായി ഒരു നാഷണൽ ഹെൽപ് ലൈൻ തുടങ്ങിയിട്ടുണ്ട് (09250492504). ജനങ്ങൾക്ക് വേണമെങ്കിൽ RTI, POST BAG NO. 9201, DELHI - 92 എന്ന വിലാസത്തിൽ എഴുതുകയും ചെയ്യാം. ❑

# കേന്ദ്രഗവർമ്മേണ്ടിന്റെ തലതിരിഞ്ഞ സംവരണം

**- ശരദ് യാദവ് -**

**പി**ന്നോക്ക സമുദായക്കാർക്ക് 50% സംവരണം എന്നുപറഞ്ഞാൽ അതിനർത്ഥം മുന്നോക്ക സമുദായങ്ങൾക്ക് 50% സംവരണം എന്നതാണെന്ന് ഗവർമ്മേണ്ട്!

സംവരണത്തെപ്പറ്റി ആരെങ്കിലും പറഞ്ഞാലുടൻ അതിന്റെ എതിരാളികൾ " യോഗ്യത" എന്ന ഇമ്പാച്ചി എടുത്ത് പുറത്തിടും. ഇവിടെ ഒരു ചോദ്യം ഉയർന്നുവരുന്നു: ഈ സംവരണവിരോധികൾ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും മറ്റു പിന്നോക്ക സമുദായക്കാരുടേയും " യോഗ്യത" യെ മാനിക്കുന്നുണ്ടോ? ഇല്ല എന്നാണനുഭവം: ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് ഏതാണ്ട് ആറുദശകം കഴിഞ്ഞു. ഇന്നും ഇന്ത്യയിലെ പ്രധാന സ്ഥാപനങ്ങളെല്ലാം, പാർലമെന്റും നിയസഭകളും ഒഴിച്ചെല്ലാം, ഈ യോഗ്യതാഭക്തൻമാരുടെ പിടിയിലമർന്നുകിടപ്പാണ്. അല്പം ചില അപവാദങ്ങളൊഴിച്ചാൽ, ഈ യോഗ്യതാഭക്തൻമാർ തങ്ങളുടെ പദവിയെ അധ:സ്ഥിതരെ ദ്രോഹിക്കാനായി ദുരുപയോഗപ്പെടുത്തിവരികയാണ്.

പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മറ്റു പിന്നോക്ക സമുദായങ്ങൾ എന്നിവരുടെ യോഗ്യതയെ എങ്ങനെ അവഹേളിക്കുന്നുവെന്നതിന്ന് ഏറ്റവും നല്ല ഉദാഹരണം യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് നമുക്കു ലഭിക്കും. പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു വ്യവസ്ഥാപിത സ്ഥാപനമാണ്. എന്നാൽ ഗവർമ്മേണ്ടിന്റെ പേഴ്സനെൽ ഏന്റ് ട്രെയിനിങ് ഡിപ്പാർട്ടുമെന്റുമായി ഒത്തുകളിച്ചുകൊണ്ട് ഇവർ സംവരണ വിഭാഗങ്ങളിൽ പെട്ടവരുടെ യോഗ്യതാവകാശങ്ങളെ നിഷേധിച്ചുവരുന്നു. സംവരണം സംബന്ധിച്ച് ഇന്ത്യാഗവർമ്മേണ്ട് വ്യക്തമായ നയമുണ്ടായിട്ടും ഇവർ ഭരണഘടനാവിരുദ്ധമായ പ്രവർത്തനങ്ങളിൽ ആമഗ്നരായികഴിയുകയാണ്.

സുപ്രീംകോടതിയും ഹൈക്കോടതികളും പലവിധികളിലും സംവരണനയം വ്യാഖ്യാനിച്ചിട്ടുണ്ട്. അതായത് സംശയത്തിന്ന് യാതൊരു സ്ഥാനവുമില്ലെന്നർത്ഥം. എന്നിട്ടും സംവരണവിഭാഗങ്ങളിൽപെട്ട ഉദ്യോഗാർത്ഥികൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗം നൽകാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ വിസമ്മതിച്ചുവരികയാണ്.

സംവരണവിഭാഗങ്ങളിൽപെട്ട നൂറുകണക്കിനാളുകൾക്ക് ഇതു കാരണം ഉദ്യോഗം നിഷേധിക്കപ്പെട്ടിട്ടുണ്ട്; സംവരണവിഭാഗങ്ങളിൽപെടാത്ത അത്രയുംപേർക്ക് ആ ഉദ്യോഗം പബ്ലിക് സർവ്വീസ് കമ്മീഷൻ ദാനം ചെയ്തുവെന്നർത്ഥം ഈ ഏർപ്പാടിന്നെതിരായി പല വിധികളും ഉണ്ടായിട്ടും ഇതിപ്പോഴും തുടരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷന്റേയും പേഴ്സനെൽ ആന്റ് ട്രെനിങ്ങ് ഡിപ്പാർട്ടുമെന്റിന്റേയും തലപ്പത്തിരിക്കുന്നവർ കടുത്ത സംവരണവിരുദ്ധരാകയാൽ അവർ തങ്ങളുടെ സാഹസങ്ങളുമായി ഏതറ്റംവരെ പോകാനും തയ്യാറാണ്.

സംവരണനയപ്രകാരം ആകെ തസ്തികകളിൽ 49.50 ശതമാനം സംവരണം ചെയ്യപ്പെട്ടതാണ്. ബാക്കിയുള്ള 50.50% എല്ലാവർക്കുമായി നീക്കിവച്ചിരിക്കുന്നു. അതായത് യോഗ്യതയിലൂടെ അർഹത തെളിയിക്കുന്ന എല്ലാവർക്കുമായി നീക്കിവച്ചിരിക്കുന്നതാണ് ഈ 50.50 ശതമാനം.

തിരഞ്ഞെടുപ്പിൽ പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും സംവരണസീറ്റിൽ മാത്രമേ മത്സരിക്കാവൂ എന്ന് നിയമമില്ല; പൊതുസീറ്റുകളിലും അവർക്ക് മത്സരിക്കാൻ അവകാശമുണ്ട്. കൻഷിറാമും ബി.പി. മൗര്യയുമടക്കമുള്ള പല പട്ടികജാതി നേതാക്കൻമാരും ജനറൽ സീറ്റിൽ മത്സരിച്ചിട്ടുണ്ട്. അതായത് ജനറൽ സീറ്റ് എന്നു പറയുന്നത് സംവരണവിഭാഗങ്ങളിൽ പെടാത്തവർക്കായി സംവരണം ചെയ്തിട്ടുള്ളതല്ല.

ഇതുതന്നെയാണ് ഉദ്യോഗസംവരണത്തിലും വേണ്ടത്. ജനറൽ സീറ്റെല്ലാം സംവരണ വിഭാഗങ്ങളിൽ പെടാത്ത ഉദ്യോഗാർത്ഥികൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതല്ല. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയ്തുവരുന്നത് അതാണ്. സംവരണത്തിൽ പെടാത്ത 50.50 % സീറ്റ് ജനസംഖ്യയുടെ 15% മാത്രം വരുന്ന മുന്നോക്കസമുദായക്കാർക്കായി പബ്ലിക് സർവ്വീസ് കമ്മീഷൻ സംവരണം ചെയ്തിരിക്കുന്നു.

കഴിഞ്ഞ സിവിൽ സർവ്വീസ് പരീക്ഷയിൽ ആകെയുള്ള 425 സീറ്റിൽ 214 സീറ്റ് മെറിറ്റ് സീറ്റാണ്. ഈ 214 പേരിൽ 50 പേർ സംവരണ വിഭാഗങ്ങളിൽ പെട്ടവരായിരുന്നു; അവരിൽ 40 പേർ“മറ്റുപിന്നോക്കവിഭാഗ”ങ്ങളിൽ പെട്ടവരുമായിരുന്നു. പക്ഷെ ഇവരെ ജനറൽ വിഭാഗത്തിൽ പെടുത്താൻ പബ്ലിക് സർവ്വീസ് കമ്മീഷൻ വിസമ്മതിച്ചു. അവരെയെല്ലാം സംവരണവിഭാഗത്തിലേക്ക് തള്ളി മാറ്റി. ആദ്യത്തെ പത്തുറാങ്കിൽ സ്ഥാനം നേടിയവരെ പോലും ജനറൽ വിഭാഗത്തിൽ പെടുത്താതെ സംവരണവിഭാഗത്തിലേക്ക് മാറ്റുകയാണുചെയ്തത്.

യഥാർത്ഥത്തിൽ “മറ്റ്പിന്നോക്ക വിഭാഗ”ക്കാരിൽ 157 പേർക്ക് ഉദ്യോഗം നൽകേണ്ടതായിരുന്നു. യോഗ്യതയുടെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിൽ സ്ഥാനം നേടിയ 40 പേരെ സംവരണ നിയമപ്രകാരം തിരഞ്ഞെടുക്കപ്പെടേണ്ട 117 പേരുമാണ് ഉദ്യോഗം ലഭിക്കേണ്ടിയിരുന്നവർ.

പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും വിദ്യാഭ്യാസത്തിൽ ആദ്യമെല്ലാം പിന്നണിയിലായിരുന്നു. സംവരണം ചെയ്യപ്പെട്ട തസ്തികയിലേക്ക് വേണ്ടത്ര പേർ പോലും പരീക്ഷയിൽ ജയിക്കാറില്ല. എന്നാൽ ക്രമേണ സ്ഥിതിമാറി. ഇപ്പോൾ അവരും മത്സരശേഷിനേടി. എന്നാൽ ഇവരെ തോൽപ്പിക്കാൻ മനപൂർവ്വം ശ്രമം നടക്കുന്നുണ്ട്. പരീക്ഷയിൽ ജയിച്ചപട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും വിവരങ്ങൾ പരിശോധിച്ചാൽ, എഴുത്തുപരീക്ഷയിൽ ഇവർ നല്ല മാർക്കുവാങ്ങുന്നതായി കാണാം. എന്നാൽ ഇന്റർവ്യൂവിൽ ഇവർക്ക് വളരെ കുറച്ചുമാർക്കേ നൽകികാണുന്നുള്ളൂ. എഴുത്തുപരീക്ഷയിൽ ഉത്തരകടലാസ് പരിശോധിക്കുന്ന എക്സാമിനർക്ക് ആ ഉത്തരകടലാസ് പട്ടികജാതിക്കാരന്റെയാണോ അല്ലയോ എന്നൊന്നും തിരിച്ചറിയാൻ സാധ്യമല്ലല്ലോ അതിനാൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും അർഹമായ മാർക്ക് ലഭിക്കുന്നു. എന്നാൽ ഇന്റർവ്യൂ നടത്തുമ്പോൾ പട്ടികജാതിക്കാരനെ തിരിച്ചറിയാം; അവിടെ അവർക്ക് മാർക്ക് കുറയുന്നു.

പരീക്ഷയിൽ ജയിച്ചവരെ ഇന്റർവ്യൂവിന്ന് വിളിക്കുന്നത് ജാതിനോക്കിയാ

ണെന്നവസ്തുത ആരേയും നടുക്കിക ളയും. പക്ഷെ അതാണ് സംഭവിക്കു ന്നത്. ജനറൽ വിഭാഗക്കാരേയും സംവ രണവിഭാഗക്കാരേയും വെവ്വേറെയാണ് ഇന്റർവ്യൂവിന് വിളിക്കുന്നത്.

സംവരണ വിഭാഗക്കാർക്കും സംവ രണേതര വിഭാഗക്കാർക്കും ഇന്റർവ്യു വിൽ നൽകുന്ന മാർക്കിൽ വലിയ അന്തരമുണ്ട്. പബ്ലിക് സർവ്വീസ് കമ്മീ ഷനിൽ നിന്നും ഇതു സംബന്ധിച്ച വിവരം കിട്ടാൻ മാർഗ്ഗമില്ല. എന്നാൽ ഈയിടെ സുപ്രീംകോടതിയിൽ ഒരു കേസിനോടനുബന്ധിച്ച് ഹാജരാക്ക പ്പെട്ട വിവരങ്ങൾവച്ചു പറഞ്ഞാൽ സംവ രണേതര വിഭാഗക്കാർക്ക് ഇന്റർവ്യൂവിൽ കിട്ടുന്നത് ശരാശരി 200 മാർക്കാണ്; സംവരണവിഭാഗക്കാർക്കാകട്ടെ അത് 140 മാത്രമാണ്.

സംവരണപദ്ധതിയിൽനിന്നും മേൽത ട്ടുകാരെ ഒഴിവാക്കുക എന്നത് താത്വി കമായി നല്ലതാണ്. പക്ഷെ സംവരണ വിരുദ്ധരുടെ ലാക്ക് മറ്റൊന്നാണ്. മേൽതട്ടുകാരെ ഒഴിവാക്കുകയും കീഴ്ത്തട്ടുകാർക്ക് അവകാശങ്ങൾ നിഷേധിക്കുകയുമാണവർ ചെയ്യുന്നത്. കോടതികയറാൻ കീഴ്തട്ടുകാർക്ക് ശേഷിയുണ്ടാവില്ല. ഉദ്യോഗം നിഷേ ധിക്കുക എളുപ്പമാണ്. പി.എസ്.സി. യിൽ നിന്ന് അറിയിപ്പുകിട്ടിയിട്ടും 390 പേർക്കെങ്കിലും ഉദ്യോഗം ലഭിക്കാതെ പോയിട്ടുണ്ടെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. പേഴ്സനെൽ ആന്റ് ട്രെയി നിങ്ങ് ഡിപ്പാർട്ടുമെന്റാണ് ഇവരുടെ നിയമനത്തിന്ന് തടസ്സം നിൽക്കുന്നത്. കഴിവുള്ള ചിലർ കോടതി കയറി ഉദ്യോഗം നേടിയെടുത്തിട്ടുണ്ട്.

1992 ൽ മണ്ഡൽ കേസിൽ സുപ്രീം കോടതിയിൽ നിന്നുണ്ടായ വിധിയിൽ പറയുന്നു: ഭരണഘടനയിലെ 16(4) അനുഛേദപ്രകാരമുള്ള സംവരണം ഒരു വർഗ്ഗീയ സംവരണം പോലെയല്ലെന്ന് ഓർത്തിരിക്കേണ്ടതാണ്. പട്ടികജാതി ക്കാരായ ചിലർ സ്വന്തം യോഗ്യത കൊണ്ട് മത്സരിച്ചു ജയിച്ചു എന്നുവരാം. അവരെ പട്ടികജാതിക്കാർക്കുള്ള സംവ രണത്തിൽ പെടുത്താൻ പാടില്ല; തുറ ന്നമത്സരത്തിൽ ജയിച്ചവരായി കണക്കാ ക്കണം.

ഇതുപോലെ വേറേയും വിധികളു ണ്ടായിട്ടുണ്ട്. എന്നാൽ ഇതെല്ലാം ധ്വംസിക്കപ്പെടുകയാണിന്ന്.

*(ലേഖകൻ രാജ്യസഭാംഗവും ജനതാദളം (യുണൈറ്റഡ്)ന്റെ പ്രസിഡന്റും മുൻ കേന്ദ്രമന്ത്രിയുമാണ്)* ❑

---

## അഴിമതിവിരുദ്ധ സമരം: അരവിന്ദിന് അവാർഡ്



അരവിന്ദ് കേസരിവാൾ

**ദ**ൽഹിയിലെ അഴിമതി വിരുദ്ധപ്ര സ്ഥാനമായ "പരിവർത്തൻ" എന്ന സംഘടനയുടെ സ്ഥാപകനേതാവായ അരവിന്ദ് കേസരിവാൾ ഇക്കൊല്ലത്തെ മാഗ്സസെ അവാർഡിന് തിരഞ്ഞെടു ക്കപ്പെട്ടു.

അന്തരിച്ച ഫിലിപ്പൈൻസ് പ്രസിഡ ണ്ടായ മാഗ്സസെയുടെ സ്മര ണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ഏഴ് അവാർഡുകളിൽ "വളർന്നുവരുന്ന നേതൃത്വ"മെന്ന വിഭാഗത്തിന്നുള്ള അവാർഡാണ് അരവിന്ദിന് ലഭിച്ചിരിക്കു ന്നത്.

അരവിന്ദ് ഇപ്പോൾ ആദായനികുതി വകുപ്പിൽ അസിസ്റ്റന്റ് കമ്മീഷണറാണ്. ഇദ്ദേഹം നേതൃത്വം നൽകുന്ന "പരി വർത്തൻ" എന്ന സംഘടന വിവരാവ കാശ നിയമത്തിന്റെ സഹായത്തോടെ അഴിമതിക്കാർക്കെതിരെ പോരാടിവരു ന്നു. ❑

# മനുഷ്യാവകാശ കമ്മീഷനും അഹമ്മദി കമ്മിറ്റിയും

**- വിജയശ്രീ ശ്രീപതി -**

ദേശീയ മനുഷ്യാവകാശ കമ്മീഷൻ സർക്കാർ സൃഷ്ടിയാണ്; സർക്കാർ പണംകൊണ്ടാണത് പ്രവർത്തിക്കുന്നത്. അതേ ഗവർമ്മേണ്ടും അതിന്റെ ഏജന്റുമാരും നടത്തുന്ന മനുഷ്യാവകാശധ്വംസനങ്ങളെപ്പറ്റി അന്വേഷിക്കലാണ് കമ്മീഷന്റെ ചുമതല. ഗവർമ്മേണ്ടിനോട് വിധേയത്വമില്ലാതെ, സ്വതന്ത്രമായി പ്രവർത്തിക്കാൻ ഉദ്ദേശിക്കപ്പെട്ട ഒന്നാണ് മനുഷ്യാവകാശ കമ്മീഷൻ. എന്നാൽ ഗവർമ്മേണ്ടിന്റെ പിന്തുണ എത്രത്തോളം ഉണ്ടെന്നതിനെ ആശ്രയിച്ചിരിക്കുന്ന ഒന്നാണ് കമ്മീഷന്റെ ഫലദായകത്വവും വിശ്വാസ്യതയും.

1993 ൽ കലുഷിതമായ അന്തരീക്ഷത്തിലാണ് മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നത്. അന്താരാഷ്ട്ര സമ്മർദ്ദമാണ് ഇതിന്റെ പ്രധാനകാരണം. എന്നാൽ ദേശീയ രംഗത്ത് മനുഷ്യാവകാശകമ്മീഷൻ ഇന്ന് വിശ്വാസ്യത നേടിയെടുത്തിട്ടുണ്ട്, ഇത് ഗവർമ്മേണ്ടിന്റെ പിന്തുണയുണ്ടായതുകൊണ്ടല്ല, കമ്മീഷനിലെ അംഗങ്ങളുടെ മഹത്വം കൊണ്ടാണ്.

മനുഷ്യാവകാശ കമ്മീഷൻ നിലവിൽവന്ന് ആറുമാസത്തിന്നകംതന്നെ കമ്മീഷന് യു.പി.യിലും ബീഹാറിലും മനുഷ്യാവകാശധ്വംസനം നടക്കുന്നതായി പരാതി കിട്ടി. എന്നാൽ കമ്മീഷന്ന് പ്രത്യേകിച്ചൊന്നും ചെയ്യാനായില്ല. മനുഷ്യാവകാശധ്വംസനത്തിന്നെതിരെ നടപടിയെടുക്കാനുള്ള അധികാരം മനുഷ്യാവകാശകമ്മീഷനില്ലായിരുന്നു. തന്മൂലം 1993 ലെ മനുഷ്യാവകാശ കമ്മീഷൻ നിയമത്തിൽ ചിലഭേദഗതികൾ വരുത്തണമെന്ന് കമ്മീഷൻ തന്നെ 1994 ൽ നിർദ്ദേശിച്ചു. പക്ഷേ ഒന്നും സംഭവിച്ചില്ല.

1999 ൽ മുൻ ഇന്ത്യൻ ചീഫ് ജസ്റ്റീസായ ജ: അഹമ്മദി അധ്യക്ഷനായുള്ള ഒരു കമ്മിറ്റി മനുഷ്യാവകാശ കമ്മീഷന്റെ ദൗർബല്യങ്ങൾ പരിശോധിച്ചു; ഈ കമ്മിറ്റി സുപ്രധാനമായ ചില നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും ഇതുവരെ മേൽ നടപടിയൊന്നും ഉണ്ടായില്ല. ഈയിടെ മൻമോഹൻ സിങ്ങിന്റെ ഗവർമ്മേണ്ട് മനുഷ്യാവകാശ കമ്മീഷൻ നിയമത്തിന്ന് ചില ഭേദഗതികൾ കൊണ്ടുവരാൻ തീരുമാനിക്കുകയുണ്ടായി. അഹമ്മദി കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ചിലത് അംഗീകരിച്ചതായി റിപ്പോർട്ടുണ്ട്.

മനുഷ്യാവകാശധ്വംസനത്തിന്ന് പാത്രമായ ഒരാൾക്ക് ഇടക്കാലാശ്വാസം അനുവദിക്കാൻ മനുഷ്യാവകാശകമ്മീഷനെ അധികാരപ്പെടുത്തണമെന്ന ജ: അഹമ്മദിയുടെ ശുപാർശ ഗവർമ്മണ്ട് സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നിയമത്തിലും നഷ്ടപരിഹാരത്തിന്ന് വ്യവസ്ഥയുണ്ട് പക്ഷെ മനുഷ്യാവകാശകമ്മീഷന്റെ അന്വേഷണമെല്ലാം പൂർത്തിയായതിന്നുശേഷം, ഒരവസാനവിധി എന്ന നിലക്കു മാത്രമേ നഷ്ടപരിഹാരം നൽകാൻ കഴിയൂ. അന്വേഷണമെല്ലാം പൂർത്തിയാകാൻ കാലതാമസം വരുമെന്നതിനാൽ ഇടക്കാലാശ്വാസം വിധിക്കാൻ കമ്മീഷന് അധികാരം നൽകണമെന്നാണ് ജ: അഹമ്മദി നിർദ്ദേശിച്ചിട്ടുള്ളത്. ഗവർമ്മേണ്ട് അതംഗീകരിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

ജയിലുകൾ, പുനരധിവാസകേന്ദ്രങ്ങൾ തുടങ്ങിയവയിൽ മിന്നൽ പരിശോ

ധന നടത്താൻ കമ്മീഷന് അധികാരം നൽകണമെന്ന അഹമ്മദി കമ്മിറ്റിയുടെ നിർദ്ദേശവും ഗവർമ്മേണ്ട് സ്വീകരിച്ചതായി റിപ്പോർട്ടുണ്ട്. ജയിലുകളിലും മറ്റും സന്ദർശനം നടത്താനും, അവിടത്തെസ്ഥിതി നേരിട്ടുമനസ്സിലാക്കാനും കമ്മീഷന് ഇപ്പോഴും അധികാരമുണ്ട്. പക്ഷേ ഗവർമ്മേണ്ടിനെ മുൻകൂട്ടി വിവരം അറിയിച്ചശേഷമേ സന്ദർശനം നടത്താൻ പാടുള്ളൂ. അധികൃതരെ മുൻകൂട്ടി അറിയിച്ചതിനുശേഷം സന്ദർശനം നടത്തുന്നതുകൊണ്ട് പ്രത്യേകിച്ചു പ്രയോജനമൊന്നുമില്ല. ജയിലിനകത്തെ യഥാർത്ഥസ്ഥിതി എന്താണെന്നറിയണമെങ്കിൽ മിന്നൽ പരിശോധനക്ക് സൗകര്യമുണ്ടാകണം.

മനുഷ്യാവകാശ കമ്മീഷൻ നിയമത്തിലെ സായുധസേന എന്ന പദത്തിന്റെ നിർവ്വചനം മാറ്റണമെന്നതാണ് ജ: അഹമ്മദി കമ്മിറ്റിയുടെ മറ്റൊരു ശുപാർശ. ഇന്ത്യയിൽ സൈന്യത്തിന്നു പുറമെ പല അർദ്ധസൈനികവിഭാഗങ്ങളുമുണ്ട്. യഥാർത്ഥത്തിൽ ഈ അർദ്ധസൈനിക വിഭാഗങ്ങൾക്കെതിരായിട്ടാണ് അധികം പരാതികൾ ഉണ്ടാകുന്നത്. നിലവിലുള്ള നിയമപ്രകാരം ഈ അർദ്ധസൈനിക വിഭാഗങ്ങളൊന്നും അന്വേഷണപരിധിയിൽ വരുന്നില്ല. അതുമാറ്റി അർദ്ധസൈനിക വിഭാഗങ്ങളെ മനുഷ്യാവകാശകമ്മീഷന്റെ അന്വേഷണത്തിന്നു വിധേയമാക്കണമെന്ന് ജ: അഹമ്മദി ശുപാർശചെയ്തിട്ടുണ്ടെങ്കിലും ഗവർമ്മേണ്ട് അത് നിരാകരിച്ചതായിട്ടാണ് റിപ്പോർട്ട്.

എന്നാൽ ജ: അഹമ്മദി കമ്മിറ്റിയുടെ സുപ്രധാനമായൊരു ശുപാർശ ഗവർമ്മേണ്ട് തിരസ്കരിച്ചിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷൻ കൊല്ലംതോറും ഗവർമ്മേണ്ടിന് റിപ്പോർട്ട് സമർപ്പിക്കണമെന്നും ഗവർമ്മേണ്ട് അത് പാർലമെന്റിൽ അവതരിപ്പിക്കണമെന്നുമാണ് നിയമം. കമ്മീഷൻ വാർഷികറിപ്പോർട്ട്

☞ പേജ് 23

## പ്രതികരണം

സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക എന്നത് പരീക്ഷക്ക് വരാറുള്ള ഒരു ചോദ്യമാണ്. അതായത് സന്ദർഭം വിവരിച്ചാലേ ആശയം വിശദമാകൂ എന്നർത്ഥം.

ദൽഹിയിൽ ഒരു പിടി വിദ്യാർത്ഥികളും അത്രതന്നെ ഡോക്ടർമാരും ചേർന്ന് ഒരു സംവരണവിരുദ്ധ സമരം നടത്തി. പത്രങ്ങളിൽ ഉൾപേജിലൊരിടത്ത് ഒതുങ്ങേണ്ടിയിരുന്ന ആ വാർത്ത നമ്മുടെ പത്രങ്ങൾ പർവ്വതീകരിച്ചുകാണിച്ചു. ടെലിവിഷൻ ചാനലുകളും മത്സരബുദ്ധിയോടെ രംഗത്തിറങ്ങി. ഇതെല്ലാം കൂടിയായപ്പോൾ, ആകാശം ഇടിഞ്ഞുപൊളിഞ്ഞുവീഴുന്ന ഒരു പ്രതീതിയാണുണ്ടായത്.

ഇങ്ങനെ സംഭവിച്ചതിന്റെ കാരണം ലളിതമാണ്. നമ്മുടെ മാധ്യമങ്ങളെ നിയന്ത്രിക്കുന്നവർ സവർണ്ണരാണ്. നാട്യങ്ങളെന്തായാലും ശരി ആന്തരാ അവർ സംവരണവിരുദ്ധരാണ്. അതുകൊണ്ടാണവർ അവഗണനീയമായൊരു സമരത്തെ വമ്പിച്ചൊരു പ്രക്ഷോഭണമായി അവതരിപ്പിച്ചത്.

പക്ഷേ ഈ സത്യം വിളിച്ചുപറഞ്ഞാലും അതൊരു ആരോപണമായേ ജനങ്ങൾ കരുതൂ. അതുകൊണ്ട് അനിഷേധ്യമായ കുറെ വസ്തുതകൾ ജനങ്ങളുടെ മുന്നിൽ നിരത്തിവക്കേണ്ടി വന്നു. അങ്ങനെയാണ് ദൽഹിയിലെ മാധ്യമ മേലാളന്മാരെക്കുറിച്ച് മിടുക്കൻമാരായ ചിലർ ഒരു മിന്നൽ സർവ്വേ നടത്തിയതും സ്ഥിതി വിവരകണക്കുകൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചതും. അതിന്ന് ഫലവുമുണ്ടായി.

സമരമെല്ലാംതീർന്ന് ഒരുമാസം കഴിഞ്ഞശേഷമാണ് ജനനീതിയിൽ സർവ്വേ റിപ്പോർട്ട് പ്രത്യക്ഷപ്പെടുന്നത്. ഈ സർവ്വേയുടെ സന്ദർഭവും സാഹചര്യവും വിവരിക്കാതെ ആശയം വ്യക്തമാക്കാൻ മുതിർന്നത് ശ്രീ. എൻ. നഗരേഷിനെപോലെയുള്ള പലരിലും തെറ്റുദ്ധാരണ ഉളവാക്കിയെങ്കിൽ അതിലവരെ ആക്ഷേപിക്കാനാവില്ല.

**സുരേഷ് ബാബു**
കോളങ്ങാട്ടുകര.

# നാലു വർഷം കൊണ്ട് ലഭിക്കാത്ത ഉത്തരവ് നാല് ദിവസത്തിനകം!

**- പോൾ മാത്യു -**

നിയമന അംഗീകാരത്തിന്നായി നാലുവർഷം ഓഫീസുകൾ കയറിയിറങ്ങിയിട്ടും കിട്ടാത്ത നിയമന ഉത്തരവ് ഒടുവിൽ നാലു ദിവസത്തിന്നുള്ളിൽ വീട്ടിലെത്തി! പെരിഞ്ഞനം ആർ.എം. എച്ച്.എസ്സ്. സ്കൂളിലെ യു.പി. വിഭാഗം അധ്യാപിക ബിന്ദുവിനാണ് നാലുവർഷമായി ലഭിക്കാതിരുന്ന നിയമനാംഗീകാരം വിവരാവകാശനിയമപ്രകാരം അപേക്ഷനൽകിയപ്പോൾ നാലുദിവസത്തിന്നകം ലഭിച്ചത്. ബിന്ദുവിന്റെ പിതാവ് ബാലകൃഷ്ണമേനോൻ കഴിഞ്ഞ നാലുവർഷമായി ഈ ആവശ്യത്തിന്ന് ചാവക്കാട് ഡി.ഇ.ഒ. ഓഫീസ് കയറിയിറങ്ങുകയായിരുന്നു. ഓരോ തവണ ചെല്ലുമ്പോഴും വിവിധ കാരണങ്ങൾ പറഞ്ഞ് മടക്കി അയച്ചിരുന്നു. ഉപഭോക്തൃ സംഘടനയിൽ പ്രവർത്തിക്കുന്നതുകൊണ്ട് കാര്യം നേടിയെടുക്കാൻ എല്ലാ വഴികളും നോക്കിയെങ്കിലും നടന്നില്ല. കൈക്കൂലി നൽകില്ലെന്ന പിടിവാശി ഉണ്ടായിരുന്നതുകൊണ്ട് നാലുവർഷം നടത്തിച്ചിട്ടും മേനോൻ തളർന്നില്ല. ഒടുവിൽ ഈ ആവശ്യം പറഞ്ഞ് ഓഫീസിന്റെ പടി ചവിട്ടരുതെന്ന് ചാവക്കാട് ഡി.ഇ.ഒ. മേനോന് മുന്നറിയിപ്പു നൽകിയത്രേ.

മാനേജ്മെന്റ് സ്കൂളുകളിൽ ലക്ഷങ്ങൾ നൽകി ജോലിക്ക് കയറുന്നവർ നിയമന അംഗീകാരം ലഭിക്കാൻ കൈക്കൂലി കൊടുക്കുന്നതുകൊണ്ട് തെറ്റില്ലെന്നാണ് പല ജീവനക്കാരും ഉപദേശിച്ചത്. ചാവക്കാട് ഡി.ഇ.ഒ. യുടെ മറുപടിയിൽ നിരാശനായി എന്തുചെയ്യണമെന്നറിയാതെ ഡി.ഡി.ഇ. യെ കാണാൻ ഒരു ദിവസം തൃശ്ശൂർ കളക്ടറേറ്റിലെത്തിയപ്പോഴാണ് മറ്റൊരു ഉദ്യോഗസ്ഥനിൽ നിന്ന് വിവരാവകാശനിയമത്തെക്കുറിച്ച് മനസ്സിലാക്കിയത്. ഉടൻതന്നെ ഡി.ഡി.ഇ. ഓഫീസിലെത്തി വിവരാവകാശനിയമപ്രകാരം മകൾക്ക് നിയമന ഉത്തരവ് ലഭിക്കാൻ എന്തൊക്കെ തടസ്സമുണ്ടെന്നറിയണമെന്നാവശ്യപ്പെട്ട് മുപ്പതുരൂപ ഫീസടച്ച് അപേക്ഷനൽകി. മറുപടി രജിസ്റ്റേർഡ് ലെറ്ററായി വീട്ടിലെത്തി. ഡി.ഡി.ഇ ഓഫീസിൽ നിന്നു ലഭിച്ച മറുപടി ചാവക്കാട് ഡി.ഇ.ഒ. ഓഫീസിൽ കാണിച്ച് മടങ്ങി വീട്ടിലെത്തിയപ്പോഴേക്കും നിയമനത്തിന്ന് അംഗീകാരം ലഭിച്ചുവെന്ന് ഫോണിലൂടെ അറിയിപ്പ് ലഭിച്ചു.

ജോലി ലഭിച്ച് മാസങ്ങളും വർഷങ്ങളുമായിട്ടും ഇതുവരെ നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളമില്ലാതെ ജോലിചെയ്യുന്ന നിരവധി അധ്യാപകരുണ്ട്. സർക്കാർ സ്കൂളുകളിൽ ജോലി ലഭിക്കുന്നവരുടെ നിയമന ഉത്തരവുകൾ പെട്ടെന്ന് പാസാക്കാറുണ്ട്.

എയ്ഡഡ് സ്കൂളുകളിലേയും സർക്കാർ സ്കൂളുകളിലേയും നിയമന ഉത്തരവുകൾ പാസാക്കാൻ എ, ബി എന്നിങ്ങനെ രണ്ട് സെക്ഷനുകളുണ്ട്. ഇതിലെ ബി. സെക്ഷനിലാണ് എയിഡഡ് സ്കൂളുകളിലെ നിയമന ഉത്തരവുകളും മറ്റും പാസാക്കുന്നത്. ഇവിടെ ജോലിചെയ്യാനാണ് ജീവനക്കാർക്ക് കൂടുതൽ താല്പര്യം. നിയമന ഉത്തരവുകളും മറ്റും പാസാക്കാൻ വൻ കൈകൂലിയാണ് ചില ജീവനക്കാർ ആവശ്യപ്പെടുന്നതത്രേ. വിവരാവകാശനിയമം വന്നതോടെ ജീവനക്കാരുടെ ഇത്തരം നീക്കങ്ങൾ നടത്താൻ പറ്റാത്ത സ്ഥിതിയായിരിക്കയാണ്. കൂടാതെ ഫയലുകൾ താമസിപ്പിക്കാനും സാധിക്കില്ല. ഇതു മൂലമാണ് വിവരാവകാശനിയമം അട്ടിമറിക്കാൻ ചില ഉദ്യോഗസ്ഥൻമാർ ശ്രമിക്കുന്നത്. ❑

**5. തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം:**

തൊഴിൽമേഖലയിലെ ലൈംഗിക പീഡനങ്ങൾക്ക് അറുതി വരുത്താനായി പാർലമെന്റിന്റെ പരിഗണനയിലിരിക്കുന്ന Protection Against Sexual Harassment of Women, 2005 എന്ന ബിൽ പാസ്സാക്കും മുമ്പ് ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, സന്നദ്ധസംഘടനകൾ, വനിതാ പ്രസ്ഥാനങ്ങൾ, ബഹുജന അടിത്തറയുള്ള കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ, സാമൂഹ്യപഠന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വിശദമായ ചർച്ചകൾക്ക് വിധേയമാക്കണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നപ്രമേയം ഇ. ജയശ്രീ അവതരിപ്പിച്ചു.

**6. ബാല ലൈംഗിക പീഡനം തടയാൻ പുതിയ നിയമം:**

കേരളത്തിൽ 41 ശതമാനം കുട്ടികളും പലവിധ പീഡനങ്ങൾക്ക് വിധേയമാകുന്നുവെന്നും അതിൽ 24 ശതമാനം കുട്ടികളും ലൈംഗികപീഡനത്തിന്നിരയാകുന്നുവെന്നും സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിലെ കണക്കുകൾ സൂചിപ്പിക്കുന്നു. ഈ ദുരവസ്ഥക്ക് പരിഹാരമായി നിർമ്മിക്കപ്പെട്ട Offences Against Children's Act 2005 ഇതുവരെ ഒരു തവണപോലും പാർലമെന്റ് ചർച്ചക്കെടുത്തില്ലെന്ന് മറ്റൊരു സത്യം. ലക്ഷക്കണക്കിന് ബാല്യങ്ങളുടെ രക്ഷക്കുതകേണ്ട ഈ ബിൽ, എത്രയും പെട്ടെന്ന് ചർച്ചെക്കെടുക്കുകയും കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ അടച്ച്, കർശനമായ നടപടി ചട്ടങ്ങളോടെ നിയമമാക്കി നടപ്പിൽ വരുത്തണമെന്ന് കേന്ദ്രസംസ്ഥാന ഗവർമ്മേണ്ടുകളോട് ആവശ്യപ്പെടുന്ന പ്രമേയം അഡ്വ. ഫരീദ അൻസാരി അവതരിപ്പിച്ചു.

**7. ടെലിവിഷൻ സീരിയലുകളെ നിയന്ത്രിക്കണം:**

അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും കുടുംബ ശൈഥല്യങ്ങളും കുട്ടികളിലെ ദുഷ്പ്രവണതകളും ഭയാനകമാം വിധം വർദ്ധിക്കാൻ ടെലിവിഷൻ ചാനലുകളിലെ തരം താണ പരിപാടികൾ കാരണമാകുന്നു. സംസ്കാരത്തേയും നിയമവാഴ്ചയേയും മുല്യാധിഷ്ഠിത സാമൂഹ്യവ്യവസ്ഥയേയും വിനാശകരമായി ബാധിക്കുന്ന ക്യാൻസറായി ചാനലുകളിലെ പരമ്പരകൾ മാറിയിരിക്കുന്നു. ഈ ദുഷ്പ്രവണതയെ നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ടി.കെ. നവീനചന്ദ്രൻ അവതരിപ്പിച്ചു. ❑

---

## *മനുഷ്യാവകാശ കമ്മീഷനും ............*

സമർപ്പിക്കാറുണ്ടെങ്കിലും ഗവർമ്മേണ്ട് അത് പരിഗണിക്കുകയോ പാർലിമെന്റിനു സമർപ്പിക്കുകയോ ചെയ്യാറില്ല. പരിതാപകരമായ ഈ സ്ഥിതിക്ക് അറുതി വരുത്തണമെന്ന് ജ: അഹമ്മദി കമ്മിറ്റി ശുപാർശചെയ്തിരുന്നു. കേന്ദ്ര മനുഷ്യാവകാശ കമ്മീഷനും സംസ്ഥാനമനുഷ്യാവകാശകമ്മീഷനുകളും സമർപ്പിക്കുന്ന റിപ്പോർട്ടുകൾ മുന്നുമാസത്തിന്നകം പാർലമെന്റിലും നിയമസഭകളിലും സമർപ്പിക്കണമെന്നാണ് അഹമ്മദി കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്. ഈ മുന്നുമാസത്തിന്നകം റിപ്പോർട്ട് പാർലിമെന്റിന് (അഥവാ നിയമസഭകൾക്ക്) സമർപ്പിക്കാത്ത പക്ഷം റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നും അഹമ്മദി കമ്മറ്റി നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ ഇത് സ്വീകരിക്കാൻ ഗവർമ്മേണ്ട് വൈമുഖ്യമാണ് കാണിക്കുന്നത്. ❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# അരുണ റോയ് ദേശീയ ഉപദേശക സമിതി വിട്ടു

ഗവർമ്മേണ്ടിന്റെ മിനിമം പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിന്നായി സംഘടിപ്പിച്ചിരുന്ന ദേശീയസമിതിയിൽ നിന്നും പ്രമുഖ സാമൂഹ്യ പ്രവർത്തകയായ അരുണ റോയ് പിൻവാങ്ങി.

ഗവർമ്മേണ്ട് നടപ്പാക്കിയ വിവരാവകാശ നിയമത്തിലും ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലും വെള്ളം കൂട്ടുന്നതിൽ പ്രതിഷേധിച്ചാണ് അരുണ ഉപദേശകസമിതി വിട്ടത്. രാജസ്ഥാനിലെ ജനകീയ വിവരാവകാശ പ്രസ്ഥാനത്തിന്റേയും മസ്ദൂർ കിസാൻ ശക്തി സംഘടനയുടേയും നേതായവായ അരുണ സാമൂഹ്യ നേതൃത്വത്തിനുള്ള മാഗ്സസെ അവാർഡ് നേടിയ ആളാണ്.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ മികച്ച പ്രകടനം സംബന്ധിച്ച കൊട്ടും കുരവയും നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, പാവങ്ങളുടെ കാര്യം ഗവർമ്മേണ്ട് വിട്ടുകളയുമെന്ന ആപത്ത് നിലവിലുണ്ടെന്ന് അരുണ പ്രധാനമന്ത്രിക്കയച്ച കത്തിൽ പറയുന്നു. കഴിഞ്ഞ എൻ.ഡി.എ. ഗവർമ്മേണ്ടിന്റെ കാലത്തും സാമ്പത്തിക വളർച്ച എട്ടു ശതമാനത്തിലെത്തിയിരുന്നു. അതും വച്ചാണവർ "ഇന്ത്യ തിളങ്ങുന്നു" എന്ന പരസ്യം കെട്ടഴിച്ചുവിട്ടത്. പക്ഷേ ഭൂരിപക്ഷം വോട്ടർമാർക്കും ഇന്ത്യതിളങ്ങുന്നതായി തോന്നിയില്ലെന്ന് അരുണ ഓർമ്മിപ്പിക്കുന്നു.

സാമ്പത്തികവളർച്ച ഭൂരിപക്ഷം ജനങ്ങളേയും സ്പർശിക്കുന്നില്ല എന്നതുമാത്രമല്ല കാര്യം; നേരെ മറിച്ച് സമൂഹത്തിന്റെ വലിയ വിഭാഗങ്ങളെ കെടുതികൾക്കിരയാക്കികൊണ്ടാണിവിടെ വികസനം നടന്നു വരുന്നതെന്ന് അവർ പറയുന്നു. ഉദാഹരണമായി നർമ്മദ അണകെട്ടിനേയും അതുമൂലം വീടും കുടിയും നഷ്ടപ്പെട്ട ആയിരക്കണക്കിനു കുടുംബങ്ങളേയും അവർ ചൂണ്ടിക്കാട്ടുന്നു.

ആദിവാസികൾക്ക് കൂടുതൽ മെച്ചപ്പെട്ട പുനരധിവാസ സൗകര്യമുണ്ടാക്കുമെന്ന് മിനിമം പരിപാടിയിൽ ഗവർമ്മേണ്ട് ഉറപ്പുനൽകിയിട്ടുണ്ട്. എന്നിട്ടും നിലവിലുള്ള പുനരധിവാസ നയം പോലും ധ്വംസിക്കപ്പെടുന്നു; സുപ്രീം കോടതിയുടെ കല്പനക്കുപോലും വിലയില്ലാതാകുന്നു. മിനിമം പരിപാടിക്കുവിരുദ്ധമായ ഗവർമ്മേണ്ടിന്റെ നടപടികൾ ഗവർമ്മേണ്ടിന്റെ വിശ്വാസ്യതയെതന്നെ തകർത്തിരിക്കുകയാണെന്ന് അരുണ ഓർമ്മിപ്പിക്കുന്നു. ദേശീയ വിവരാവകാശനിയമം, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവയ്ക്ക് രൂപം നൽകുന്നതിൽ സഹായിച്ച തനിക്കിനി അവ നടപ്പാക്കുന്നുണ്ടെന്നുറപ്പുവരുത്താൻ ജനങ്ങൾക്കിടയിലാണ് കൂടുതൽ പ്രവർത്തിക്കേണ്ടതായിട്ടുള്ളതെന്നും അരുണ റോയ് വിശദീകരിച്ചിട്ടുണ്ട്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

വരിസംഖ്യ – ആയുഷ്കാലം : 1000 ക.